LITTLE KITES DIGITAL MAGAZINE
2018-2019


# GAEN-PATH

*@ Path Finding Generation*

GOVT. GANAPATH MODEL GIRLS HIGHER SECONDARY SCHOOL
CHALAPPURAM, KOZHIKODE


*GOVT. GANAPATH MODEL GIRLS HIGHER SECONDARY SCHOOL*
*CHALAPPURAM, KOZHIKODE*





# D. GANAPATH RAO


*(Founder of Ganapath Schools)*




# G.SARVOTHAMA RAO

**(The manager of Ganapath schools who handed over the Ganapath schools to govt. of Kerala on the 14th June of 1957.)**

# ഉപദേശകസമിതി



SUDHAKARAN.T.M



SUNANDA.A.P




SHAHUL HAMEED



BASHEER



**MANOJ**



**YAHIYA**



**UDAYA KUMAR**



**VIJU.U**



**PRASANNA KUMARI.K**



**NINDIYA.K**

# പത്രാധിപസമിതി



**AKSHITHA.V (STUDENT EDITOR)**



**NIRANJANA**



**HRIDYA MANDODY**



**NANDANA**



**NEHA FATHIMA**



**AVANTHIKA**

## *Our Headmaster*



# SUDHAKARAN.T.M



**Dear students,**

**I'm happy to know that the Little Kites team of our school is publishing a digital magazine in the academic year 2018-2019. The Information technology , no doubt is changing the educational process very fastly. I am sure that this magazine will showcase the achievements of the students in the fields of curricular as well as co-curricular activities. I hope that this will prove as an effective aid in widening the horizons of creativity of the students.**

**My best wishes are always with you.**

**SUDHAKARAN.T.M**
**Head Master**



ഞാൻ ഗോപാലൻ.....
യോഗ്യത സർട്ടിക്കറ്റിന്റെ പിൻബലത്തിൽ ചെയ്തു തുടങ്ങിയ
എന്റെ ആദ്യ ജോലി നടപടിക്രമങ്ങളുടെ നിർബന്ധത്താൽ
മാത്രം പടമഴിച്ചുവെയ്ക്കുന്നു... അൻപത്തിയഞ്ചിന്റെ യുവത്വത്തിൽ,
നഗരത്തിലെ ഈ ശ്രേഷ്ഠ വിദ്യാലയത്തിലെ ഹിന്ദി അദ്ധ്യാപനം
മതിയാക്കി ഞാൻ മടങ്ങി പോകുന്നത്,
നിശ്ചിതയോഗ്യത ആവശ്യമില്ലാത്തവനെന്ന നിലയിൽ എനിക്ക്,
കാട്ടുപാതപോലെ കഠിനവും കരിഞ്ചോലപോലെ സരളവുമായ
വിരുദ്ധജോലികൾ യൗവനകാലംമുതൽ കാത്തുവെച്ച
കോഴിക്കോടിന്റെ കിഴക്കൻ ഗ്രാമപ്രാന്തത്തിലേക്കാണ്.......
ലഘുവായി തുടങ്ങി .... ധന്യമായി..... ഗുരുവായി....
കാലടികൾ ദിശമാറ്റി നടന്നു തുടങ്ങുകയാണ് ഞാൻ.....
ഓർമകൾ പെയ്യുമ്പോൾ,കാലടികൾക്കിടയിൽ പുതുനാമ്പുകൾ
നനവു കാത്തുകിടക്കുന്നത് ഞാനറിയുന്നു.
പാഥേയങ്ങൾ സ്മരണസുഖം തന്നെ....

**-ഗോപാൽജി**

# TEAM OF LITTLE KITES



# ഇതൾ വിരിയുമ്പോൾ.....

ആമുഖം.....14
തലക്കെട്ടിലേയ്ക്ക്.....15
ഗവൺമെന്റ് ഗണപത് മോഡൽ ഗേൾസ് ഹയർ
സെക്കൻഡറി സ്കൂൾ - ചാലപ്പുറം ലഘുചരിത്രം.....16
കൊഴിയുന്ന ഇലകൾ.....21
FRIENDSHIP.....23
തിരിച്ചറിവുകൾ.....24
FRIEND IN MY LIFE.....28
തത്തമ്മ.....29
THE MIRROR.....30
എന്റെ ജീവിതത്തെപ്പറ്റി ഒരു കഥ.....31
MY MOTHER.....32
WORDS OF EARTH.....33
വൃദ്ധജനങ്ങളെ കാണാനുണ്ടോ??.....34
പൊന്നിൻനക്ഷത്രം.....35
NATURE'S HEART.....36
MURAL ART.....38
കേരളത്തിലെ വെള്ളപ്പൊക്കം.....39
സ്നേഹം.....40
എന്റെ സന്ധ്യ.....42
GARDEN SNAKE.....43
എന്റെ പനിനീർ ചെടി.....44
CHILDHOOD.....45
സ്ത്രീ.....47
THE SQUIRRELS.....48
എൻജീവിത മുഖ്യസമ്മാനങ്ങൾ.....49
MYSTERY OF THE TALKING FAN.....50
EDUCATION TECHNOLOGY.....51
KERALA AND FLOOD.....52

*ROSE*......53
പ്രകൃതി മാതാവ്......54
*FLOWERS OF WORLD*......56
*SOMEBODY 'S MOTHER*......57
തത്തക്കുഞ്ഞ്......58
യാത്രാവിവരണം......59
മേരി......60
നാം ഒന്നല്ലേ......62
ക്ലാസ് മുറിയിലെ നനഞ്ഞ അനുഭവം......64
പക......66
*HER LIFE*......67
അയ്യപ്പൻ പൂമ്പാറ്റ......68
*MOTHER'S LOVE*......70
*PICTURE*......71
*PICTURE*......72
ഒരുമയുടെ വിജയം......73
മദ്യവിപത്ത്......76
*MY MOM*......78
*COOL OR PAIN*......79
പ്രളയത്തിലേക്ക്......80
ദയയുള്ളവൾ ദയ......81
*FAMILY RIDDLE*......83
*ALPHABETICAL RIDDLES*......84
*I REMEMBER*......85
*FRIENDSHIP*......86
*PICTURE*......87
കുഞ്ഞുപക്ഷി......88
*TIME MANAGEMENT*......89
ബാല്യകാലം......90
*Not Require Emotions In Our Life*......92
*SCHOOL LIFE*......93
ആഗസ്റ്റിന്റെ കയ്യൊപ്പ്......94
പണത്തിന്റെ വില......96

പഴയ തലമുറയും പുതിയതലമുറയും തമ്മിലുള്ള വ്യത്യാസം......98
*Mother is the best*......99
മാവിന്റെ ബുദ്ധി......100
വിദ്യാഭ്യാസം......101
*USELESS*......103
*TIME*......104
*The Magic of Music*......105
വർണങ്ങളുടെ മഴ......107
*PICTURE*......109
മീഡിയയുടെ സ്വാധീനം കുട്ടികളിൽ......110
*FLOOD*......112
*PICTURE*......113
വിനയം വിജയത്തിന്റെ വഴി......114
*HOW DO TO OUR NEIGHBOURHOOD CLEAN AND GREEN*......117
സാറയുടെ മണ്ടത്തരം......118
പനിനീർ പൂവ്......120
*PICTURE*......121
*HEAVEN*......122
*TRUE FRIENDSHIP*......123
ആഗ്രഹം......124
*A TRIBUTE TO TEACHERS*......126
*I AM*......127
*BROKEN HEART*......128
വിസ്മയ പ്രതിഭ......129
*FLOODED DAYS*......131
*SMILE*......132
നൃത്തച്ചുവടുകൾ......133
ഈ വാക്കുകൾ ശ്രദ്ധിക്കൂ......139
*SPORTS PUZZLE*......140
സ്കൂൾ പച്ചക്കറിത്തോട്ടത്തിലേയ്ക്ക്......142

# ആമുഖം

മാറുന്ന തലമുറയ്ക്കൊപ്പം സാങ്കേതികവിദ്യാ പരിശീലനവുമായി ലിറ്റിൽ കൈറ്റ്സ്..... വിദ്യാർത്ഥികളുടെ കഴിവിനെ വാനോളം ഉയർത്താൻ ലിറ്റിൽ കൈറ്റ്സ് മാഗസിൻ..... സ്ക്കുളിന്റെ ചരിത്രത്തിൽ ആദ്യമായി ഒരു ഡിജിറ്റൽ മാഗസിൻ ഞങ്ങൾ തയ്യാറാക്കുന്നു, ലിറ്റിൽ കൈറ്റ്സിലൂടെ..... ഞങ്ങൾക്ക് വിവരവിനിമയ സാങ്കേതികവിദ്യയിൽ ലഭിച്ച പരിശീലനങ്ങളിൽ നിന്ന്..... ലിറ്റിൽ കൈറ്റ്സ് ചാർജുള്ള സുനന്ദ ടീച്ചറുടെയും ഷാഹുൽ സാറിന്റെയും സഹായത്തോടെ ഞങ്ങൾ തയ്യാറാക്കിയ മാഗസിൻ നിങ്ങൾക്ക് മുന്നിൽ സമർപ്പിക്കുന്നു.....

അക്ഷിത

സ്റ്റുഡന്റ് എഡിറ്റർ

# തലക്കെട്ടിലേയ്ക്ക്.....

പുതു തലമുറ.....
പുതു വഴികൾ....
ഈ നവകാല വാങ്മയങ്ങളെ
ഗണപത് എന്ന സ്ക്കൂളിൻെറ പേരിൽ
സമന്വയിപ്പിക്കാനുള്ള ശ്രമമാണിത്...
എഴുത്തിൻെറ പുതുവഴിയ്ക്ക്
പേരിൻെറ നേർവഴി...

# ഗവൺമെന്റ് ഗണപത് മോഡൽ ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ - ചാലപ്പുറം ലഘുചരിത്രം

കോഴിക്കോട് നഗരത്തിൽ ചാലപ്പുറത്താണ് ഒരു നൂറ്റാണ്ടിലേറെ കാലത്തെ ചരിത്രമുള്ള ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത്. ചാലപ്പുറം രണ്ടു ശതാബ്ദങ്ങൾക്ക് മുമ്പുതന്നെ സാമൂഹ്യമായും സാംസ്കാരികമായും രാഷ്ട്രീയമായും പ്രബുദ്ധത പുലർത്തിയ ദേശമാണ്. സാമൂഹികപുരോഗതിക്ക് വേണ്ടി സമർപ്പണബുദ്ധിയോടെ പ്രവർത്തിച്ച നിരവധി ആളുകൾക്ക് ഈ പ്രദേശം ജന്മംനൽകിയിട്ടുണ്ട്. പത്തൊൻമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഈ പ്രദേശത്ത് അവർണർക്കും അധഃസ്ഥിതർക്കും വേണ്ടി വിദ്യാലയം സ്ഥാപിക്കാൻ മുന്നിട്ടിറങ്ങിയ മഹാനുഭാവനായിരുന്നു ഡി. ഗണപത്റാവു. 1886 ൽ നേറ്റീവ് സ്കൂൾ എന്ന പേരിൽ അദ്ദേഹം ആരംഭിച്ചതാണ് ഈ വിദ്യാലയം.

ഗണപത് റാവുവിന്റെ പുത്രൻ സർവോത്തമറാവു വിദ്യാഭ്യാസപ്രവർത്തനത്തിൽ പിതാവിന്റെ പാത പിന്തുടർന്നു. പിന്നീട് ഗണപത് റാവു സ്കൂളിന്റെ ഭരണച്ചുമതല പുത്രനെ ഏൽപ്പിക്കുകയും അനന്തരം സുവിചരാനന്ദ എന്ന പേര് സ്വീകരിച്ച് സന്ന്യാസജീവിതം നയിക്കുകയും ചെയ്തു. 1944 ൽ അദ്ദേഹം കഥാവശേഷനായി. അദ്ദേഹ

ത്തിന്റെ ചിതാഭസ്മം ഇപ്പോഴും ചാലപ്പുറം ഗവ. ഗണപത് ബോയ്സ് ഹൈസ്കൂളിനു മുമ്പിൽ സൂക്ഷിച്ചിട്ടുണ്ട്. 1928 ൽ സർവോത്തമറാവു പിതാവിന്റെ ഓർമ നില നിർത്തുന്നതിന് സ്കൂളിന്റെ പേര് ഗണപത് ഹൈസ്കൂൾ എന്നാക്കി. 1957 ൽ സ്കൂൾ സർക്കാരിനു വിട്ടുകൊടുത്തു. അന്ന് സർക്കാരുമായുണ്ടാക്കിയ വ്യവസ്ഥ പ്രകാരമാണ് ഗണപത് എന്ന പേര് സ്കൂളിന്റെ പേരിനൊപ്പം നിലനിർത്തിയിരിക്കുന്നത്.

ചാലപ്പുറത്തും പരിസരപ്രദേശത്തുമുള്ള കുട്ടികൾ പഠനത്തിന് പ്രധാനമായും ആശ്രയിച്ചിരുന്നത് ഈ വിദ്യാലയത്തെ ആയിരുന്നു. കുട്ടികളുടെ എണ്ണം വർദ്ധിച്ചപ്പോൾ പ്രവർത്തനസൗകര്യാർഥം സ്കൂൾ ആൺ-പെൺ എന്ന് രണ്ടായിത്തിരിക്കാൻ 1963 ൽ സർക്കാർ നിശ്ചയിച്ചു. ഇപ്പോൾ ഗവ. ഗണപത് ബോയ്സ് ഹൈസ്കൂൾ പ്രവർത്തിക്കുന്ന സ്ഥലത്താണ് അന്ന് സ്കൂൾ പ്രവർത്തിച്ചിരുന്നത്. ആൺവിഭാഗം അവിടെതന്നെ നിലനിർത്തുകയും പെൺവിഭാഗം സ്കൂളിന്റെ കളി സ്ഥലമായിരുന്ന സ്ഥലത്തേക്ക് കെട്ടിടം നിർമിച്ച് മാറ്റുകയും ചെയ്തു. 1970 ഫെബ്രുവരിയിലായിരുന്നു ഈ മാറ്റം. ഗവ. ഗണപത് ഗേൾസ് ഹൈസ്കൂൾ ചാലപ്പുറം ജങ്ഷനു സമീപം വന്നതങ്ങനെയാണ്. ഗണപത് ബോയ്സ് ഹൈസ്കൂളും ഗണപത് ഗേൾസ് ഹൈസ്കൂളും സഹോദരസ്ഥാപനങ്ങളാണ്.

പൊതുവിദ്യാഭ്യാസവകുപ്പ് ജില്ലയിലെ മാതൃകാ പെൺവിദ്യാലയമായി ഈ സ്കൂളിനും അംഗീകാരം നൽകിയതോടെ സ്കൂളിന്റെ പേരിനൊപ്പം മോഡൽ എന്നുകൂടി ചേർത്തുതുടങ്ങി. 1997 ൽ ഈ സ്കൂൾ ഹയർ സെക്കൻഡറിയായി. 5 മുതൽ ഹയർ സെക്കൻഡറി വരെ ക്ലാസുകളിലായി 2358 കുട്ടികളും 86 അദ്ധ്യാപകരും 5 ഓഫീസ് ജീവനക്കാരും ഇവിടെയുണ്ട്. യു.പി. ഹൈസ്കൂൾ വിഭാഗത്തിൽ

മലയാളവും ഇംഗ്ലീഷും മാധ്യമമാണ്. ഹയർ സെക്കൻഡറിയിൽ സയൻസ്, ഹ്യൂമാനിറ്റീസ്, കൊമേഴ്സ് എന്നീ ഗ്രൂപ്പുകളാണുള്ളത്.

പഠനത്തിലും പാഠാനുബന്ധ പ്രവർത്തനങ്ങളിലും സ്കൂൾ മികവ് പുലർത്തുന്നു. വർഷങ്ങളായി എസ്.എസ്.എൽ.സി. വിജയം നൂറു ശതമാനമാണ്. 1970 ൽ 50 ശതമാനമായിരുന്ന വിജയം നിരന്തര പരിശ്രമത്തിലൂടെയാണ് ഇന്നത്തെ നിലയിലെത്തിയത്. 1989 ൽ എസ്.എസ്.എൽ.സി. പരീക്ഷയിലെ ഒന്നാം റാങ്ക് ഈ സ്കൂളിന് ലഭിച്ചു. ജി. ലിജിയാണ് ഈ വിജയം നേടിയത്. ലിജി ഇപ്പോൾ അമേരിക്കയിൽ കംപ്യൂട്ടർ എഞ്ചിനീയറാണ്. അതേ വർഷം പതിനൊന്നാം റാങ്കും 1997 ൽ പതിമൂന്നാം റാങ്കും ഈ സ്കൂളിന് കിട്ടി. 1993 ൽ സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ കലാതിലകകിരീടം ഈ സ്കൂളിലെ ഭവ്യലക്ഷ്മിക്ക് ലഭിച്ചു.

മലയാള സിനിമാരംഗത്ത് പ്രശസ്ത നടികളായി ശോഭിക്കുന്ന നിത്യാദാസ്, കുമാരി അമ്പിളി എന്നിവർ ഈ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർഥിനികളാണ്. സംസ്ഥാന പ്രവൃത്തി പരിചയമേളയിൽ കോഴിക്കോട് ജില്ലയ്ക്ക് ഒട്ടനവധി വർഷങ്ങളിൽ ഒന്നാം സ്ഥാനം നേടിക്കൊടുക്കുന്നതിൽ ഗണനീയമായ പങ്ക് വഹിച്ചത് ഈ വിദ്യാലയത്തിലെ പരേതയായ ലക്ഷ്മി ടീച്ചറാണ്. ഈ സ്ഥാപനത്തിലെ വിദ്യാർഥികളായിരുന്ന ബീന ഡി. ഭട്ട്, ശ്രീജ എം. എന്നിവർക്ക് ദക്ഷിണേന്ത്യൻ ശാസ്ത്രമേളയിൽ വർക്കിങ്ങ് മോഡൽ വിഭാഗത്തിൽ ഒന്നാംസ്ഥാനം ലഭിച്ചിരുന്നു. 1999 ൽ ഹയർ സെക്കൻഡറിയിൽ ഹ്യൂമാനിറ്റീസ് ഗ്രൂപ്പിലെ ഒന്നാം റാങ്ക് ഈ സ്കൂളിലെ കുമാരി എസ്. സായി ഗീതയ്ക്ക് കിട്ടി. ഹയർ സെക്കൻഡറിയിൽ എല്ലാ വിഷയത്തിനും മികച്ച വിജയമാണുള്ളത്.

പ്രശസ്തസേവനത്തിന് സംസ്ഥാന സർക്കാർ നൽകുന്ന അവാർഡ് ഈ സ്ഥാപനത്തിലെ അദ്ധ്യാപകരായ സി. നാരായണൻ

നായർ, ടി.വി. ലക്ഷ്മി എന്നിവർ നേടിയിട്ടുണ്ട്. സ്കൂളിന്റെ ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ സ്തുത്യർഹമായ പങ്കാണ് പി.ടി.എ. വഹിക്കുന്നത്. ഷാജി പുത്തലത്താണ് ഇപ്പോൾ പ്രസിഡന്റ്. ടി.എം. സുധാകരൻ ഹെഡ് മാസ്റ്റർ പദവിയും വഹിക്കുന്നു.

രണ്ടേക്കർ സ്ഥലത്താണ് സ്കൂൾ സ്ഥിതിചെയ്യുന്നത്. കെട്ടിടങ്ങളുടെയും സൗകര്യങ്ങളുടെയും കുറവാണ് ഇന്ന് സ്കൂൾ നേരിടുന്ന പ്രധാന പ്രശ്നം.

## കായികത്തിളക്കങ്ങൾ

കായികരംഗത്ത് ബഹുദൂരം മുന്നിലാണീ വിദ്യാലയം. ഈ വർഷം തെലങ്കാനയിൽ നടന്ന ദേശീയ ഭാരോദ്വഹന മത്സരത്തിൽ ദൃശ്യ സുരേഷ് ഒന്നാം സ്ഥാനം നേടി രാജ്യത്തിന്റെ തന്നെ ശ്രദ്ധേയമായി. ദേശീയതലത്തിലെ മറ്റൊരു നേട്ടമാണ് നിയമോൾ കൊണ്ടു വന്നത്. കിക്ക് ബോക്സിങ്ങിൽ ദേശീയ ചാമ്പ്യനാണ് ഈ വിദ്യാർത്ഥി. തോബോളിൽ സംസ്ഥാന ടീംഅംഗമായി തിരെഞ്ഞെടുകപ്പെട്ട എൻ.കെ സായൂജ്യ. തൈകോൺഡോ സംസ്ഥാന തലത്തിൽ പങ്കെടുത്ത ലയ ഫാത്തിമ എന്നിവർ സ്കൂളിന്റെ അഭിമാനതാരങ്ങളാണ്. ഡൽഹിയിൽ നടന്ന സ്റ്റുഡന്റ് ഒളിമ്പിക്സ് തല വോളിബോൾ മത്സരത്തിൽ വിദ്യാലയം റണ്ണറപ്പായതും ശ്രദ്ധേയം.

# ശാസ്ത്ര രംഗത്തെ നേട്ടങ്ങൾ

2016 ലെ ദേശീയ ബാലശാസ്ത്ര കോൺഗ്രസ്സിൽ ടി.തീർത്ഥ, മേഘ മോഹൻ, ഷനാന ഷെറിൻ, നന്ദന.ടി എന്നിവർ ഒന്നാമതെത്തി. ചെന്നൈയിൽ നടന്ന ഇന്ത്യൻ ഇന്റർനാഷ്ണൽ സയൻസ് കോൺഗ്രസിലും ഈ സ്കൂൾ മുന്നിലെത്തി. ഈ വർഷം നടന്ന സംസ്ഥാന സ്കൂൾ അഗ്രി ഫെസ്റ്റിൽ ഓവറോൾ കിരീടവും നിരവധി ഒന്നാം സ്ഥാനങ്ങളും കരസ്ഥമാക്കി ദേശീയതലത്തിൽ ശ്രദ്ധിക്കപ്പെടുന്ന വിദ്യാലയമായി നിലകൊള്ളുന്നു. അശ്വതി സുധീർ,ഐശ്വര്യ പി.സി ,വർഷ എന്നിവർ സംസ്ഥാനതല സയൻസ് ആപ്റ്റിട്യൂഡ് ക്യാമ്പിൽ പങ്കെടുത്തതാണ് മറ്റൊരു നേട്ടം.

# കൊഴിയുന്ന ഇലകൾ



*കദീജ നിഹാല .കെ വി*

**9th B**

**കോ**ലായിലെ പടിയിൽ ഇരുന്ന് ഇരുകാലുകളും കൂട്ടിപ്പിടിച്ച് ആകാശത്തേക്കു നോക്കിയിരിക്കുകയാണ് അയാൾ. എന്തെന്നില്ലാത്ത ഒരു മൂകത അയാൾക്ക് അനുഭവപ്പെട്ടു. കണ്ണുനീർത്തുള്ളികൾ കവിളിലൂടെ ഒഴുകിക്കൊണ്ടിരുന്നു. അയാൾ തേങ്ങുകയാണ്. രാത്രിയിലെ തണുത്ത മാരുതൻ അയാളുടെ മുടിയിഴകളെ ചെറുതായൊന്ന് തഴുകി. ആകാശത്തിലെ ചന്ദ്രനും നക്ഷത്രങ്ങളും അയാളുടെ ദുഖത്തിൽ കൂടെ ചേർന്നു. താൻ തനിച്ചായി എന്നൊരു തോന്നൽ. ചുമരിൽ വെച്ചിരുന്ന വടിയെടുത്ത് അയാൾ എഴുന്നേറ്റു. പെട്ടെന്ന് അകത്തു നിന്ന് ഒരു കനത്ത ശബ്ദം ഉയർന്നു.

*'വല്ലതും വന്ന് കഴിക്ക്... പട്ടിണി കിടന്ന് വല്ലിടത്തും വീണാൽ എഴുന്നേൽപ്പിക്കാൻ പോലും ആളില്ലായെന്ന ഓർമ്മ വേണം.'*

കണ്ണീർ തുടച്ച് അയാൾ തലയുയർത്തി മരുമകളുടെ മുഖത്തേക്ക് നോക്കി.

*'മോളെ അച്ഛനെ ഒന്ന് പിടിച്ചെഴുന്നേൽപ്പിക്കാമോ?... വയ്യ...'*

*'വല്ലിടത്തും ഒതുങ്ങി കൂടാൻ പറഞ്ഞാൽ കേൾക്കില്ല.'*


അവൾ ആ വയോധികനെ പിടിച്ച് എഴുന്നേൽപ്പിച്ച് അടുക്കളയിലെ നിലത്ത് മൂലയിൽ ഇരുത്തി. ഒരു പാത്രത്തിൽ ഭക്ഷണം വിളമ്പി കൊടുത്തു. അയാൾ മരുമകളുടെ ശകാരം ഒഴിവാക്കാൻ കഴിച്ചത് പോലെ വരുത്തി.

'*ഞാൻ ഇവരോടൊക്കെ എന്താണ് ചെയ്തത്?*' അയാൾ തന്നോട് തന്നെ ചോദിച്ചു.

അയാളുടെ നാവിന് രുചിപോലും അറിയാതായിരിക്കുന്നു. പരിചിതം കയ്പ് മാത്രം. അയാൾ കഴിച്ച പാത്രം കഴുകി തിരികെ മുറിയിലെത്തി, ഉറങ്ങാനായി കിടന്നു.

'അതെ നാളെയാണ് ആ ദിനം... വൃദ്ധസദനത്തിൽ പോകുന്ന ദിനം... മകനും മരുമകളും പറയുന്നത് കേട്ടതാണ്. മകൻ അച്ഛനെ ജീവനോളം സ്നേഹിച്ചിരുന്നു..... എന്നാൽ ഇന്ന്....'

അയാൾ വിങ്ങിപ്പൊട്ടി. അവസാനമായി അച്ഛാ എന്ന വിളി കേൾക്കാൻ അയാൾ കൊതിക്കുന്നു. മകനോടൊത്ത് സ്നേഹിച്ച് ജീവിച്ച ആ കാലം തിരികെ എത്താൻ അയാൾ ആശിച്ചു. തന്നെ തനിച്ചാക്കിയ പ്രിയതമയുടെ മുഖം മനസ്സിൽ തെളിഞ്ഞു. ചിന്തകളിൽ മുഴുകി നിദ്രയിലേക്ക് അയാൾ വഴുതി വീണു.



# FRIENDSHIP

Shahala Thasnim
9th C

*A real friendship never dies*
*A real friendship should be a one,*
*Who is too much caring*
*One with whom we feel free*
*To share anything*
*The one who knows all our*
*Feelings and emotions*
*The one who will be there with*
*Us at all our good and bad times*
*And a real friendship never dies*
*But pertains for ever!*



# തിരിച്ചറിവുകൾ

*"നീ എന്താടാ ഒറ്റയ്ക്കിരുന്ന് പിറുപിറുക്കുന്നേ?"*
അപ്പു തിരിഞ്ഞുനോക്കിയപ്പോൾ അവന്റെ സുഹൃത്തായ കുഞ്ചു ആയിരുന്നു അത്.
*"ഒന്നുമില്ലെടാ... ഇച്ചിരി സങ്കടം വരുമ്പോൾ ഞാനാരോടാണ് പറയേണ്ടത്? എന്റെ വീട്ടിൽ എഅവന്റെല്ലാവരും ജോലിയുള്ളവരാണ്..... എന്റെ ഏക ആശ്രയമാണ് ഈ ആൽമരം. ഇതിനെ ചാരിയിരുന്നു കൊണ്ട് ഞാനാകാശത്തോട് സംസാരിക്കും."*
*"ആഹാ അത് കൊള്ളാമല്ലോ."* കുഞ്ചു പറഞ്ഞു.
*"അപ്പു നമുക്ക് മാങ്ങ പറിക്കാൻ പോകാം....?"*
*ശരി പോകാം...*

അവർ രണ്ടു പേരും നടന്നു നീങ്ങി മാവിൻ ചുവട്ടിലെത്തി. അവർ മത്സരിച്ചു മാങ്ങ പറിക്കാനുള്ള ശ്രമം നടത്തി. അപ്പുവിന് മാങ്ങ കിട്ടി. ഇതുകണ്ട കുഞ്ചുവും ശ്രമിച്ചു. അതിനിടയിൽ ഒരു മാങ്ങ അവന് കിട്ടി. പക്ഷേ അത് ആരോ കടിച്ചതായിരുന്നു. എന്നാൽ കുഞ്ചു ആ മാങ്ങ കളഞ്ഞില്ല. മാങ്ങപറി മത്സരം നിർത്തി അവർ വീട്ടിലേയ്ക്ക് മടങ്ങി. കുഞ്ചുവിനോട് അമ്മ കുളിക്കാൻ പറഞ്ഞു.

അപ്പോൾ കുഞ്ചുവിന്റെ ഏട്ടൻ കുഞ്ചു അറിയാതെ അവന്റെ കീശയിൽ നോക്കിയപ്പോൾ പാതി ആരോ കടിച്ച മാങ്ങ കണ്ടു. കടിച്ച ഭാഗം ചെത്തിയിട്ടു തിന്നാമെന്ന് വിചാരിച്ച് ഏട്ടൻ അതെടുത്തു.

കുളിച്ചു വന്ന കുഞ്ചു കീശയിൽ നോക്കിയപ്പോൾ മാങ്ങ കണ്ടില്ല. സങ്കടത്തോടു കൂടി പുറത്തിരിക്കുമ്പോഴാണ് ഏട്ടൻ മുറിയിലൂടെ മാങ്ങാണ്ടി എറിഞ്ഞത്. ദേഷ്യം സഹിക്കാൻ വയ്യാതെ ഏട്ടനെ ചോദ്യം

ചെയ്യണമെന്ന് വിചാരിച്ച് കുഞ്ചു മുറിയിലേക്ക് നടന്നു. കുഞ്ചു വാതിലിന്റെ പുറത്ത് നിന്ന് പിറുപിറുത്തു . അവസാനം അത് ശാപമായി കുഞ്ചു പറഞ്ഞു: "*ആ മാങ്ങ കാരണം നിനക്ക് എന്തെങ്കിലും വരും.*"

ഏട്ടൻ അതിന് വില കല്പിച്ചില്ല. രാവിലെ അമ്മ അച്ഛനോട് എന്തോ പറയുന്നത് കേട്ട് കുഞ്ചു എഴുന്നേറ്റു. ഏട്ടൻ രാത്രി ഒന്നും കഴിച്ചില്ല എന്നായിരുന്നു അമ്മ അച്ഛനോട് പറഞ്ഞത്. അച്ഛൻ വിളിച്ചിട്ടും ഏട്ടൻ എഴുന്നേറ്റില്ല. അവസാനം കതക് പൊളിച്ചപ്പോൾ ..... ഏട്ടന്റെ കൈ തണുത്തിരുന്നു. അമ്മയുടെ കരച്ചിൽ കേട്ടപ്പോൾ കാര്യം മനസ്സിലായി. പിന്നെ വീട്ടിൽ ജനപ്രവാഹമായിരുന്നു. അപ്പു വന്നപ്പോൾ കുഞ്ചുവിനെയാണ് തിരക്കിയത്. അപ്പു കുഞ്ചുവിനെ എല്ലായിടത്തും തെരഞ്ഞു. എങ്ങുമില്ല. പിന്നെ അപ്പു കണ്ടു കരഞ്ഞു നില്ക്കുന്ന കുഞ്ചുവിനെ... അടുത്ത് ചെന്നപ്പോൾ കുഞ്ചു അപ്പുവിനെ കെട്ടി പിടിച്ചു കരഞ്ഞു. പിന്നെ നടന്നതൊക്കെ അപ്പുവിനോട് പറഞ്ഞുകൊടുത്തു. കുഞ്ചു കരുതിയത് അവന്റെ ശാപം മൂലമാണ് ഏട്ടൻ മരിച്ചതെന്നാണ്.

ഏട്ടന്റെ മരണാടിയന്തര ചടങ്ങ് കഴിഞ്ഞപ്പോൾ അപ്പു വീട്ടിലേയ്ക്ക് തിരിച്ചു. വൈകാതെ തന്നെ കുഞ്ചുവും... മനോവിഷമം കാരണം കുഞ്ചു കുളത്തിൽ ചാടി ആത്മഹത്യ ചെയ്തു എന്ന വിവരം അപ്പു അറിയാനിടയായി. അപ്പുവിന് കൂട്ടുകാരൻ പോയ വിഷമം തീർത്താൽ തീരാത്തതായിരുന്നു. കുഞ്ചുവിന്റെ അമ്മയുടെ രണ്ട് മക്കളും പോയ സങ്കടത്തിൽ ആ അമ്മ മാനസികമായി തളർന്നു. പക്ഷേ ആ വാർത്ത കുഞ്ചുവിന്റെ നാടിനെ നടുക്കി. പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ കുഞ്ചുവിന്റെ ഏട്ടൻ വൈറസ് രോഗം മൂലമാണ് മരിച്ചത് എന്ന് സ്ഥിതീകരിച്ചു. അന്വേഷണം പുരോഗമിച്ചുക്കൊണ്ടേയിരുന്നു. ഇതിനിടയിൽ അപ്പുവിന്റെ ഏക ആശ്രയമായ ആൽ മരച്ചുവട്ടിൽ ഇരുന്ന് അപ്പു ആകാശത്തേക്ക് നോക്കി സങ്കടങ്ങൾ പറയാൻ തുടങ്ങി. അതിനിടയിൽ അവന്റെ തലയിൽ പാതി കടിച്ച മാങ്ങ വീണു. ആൽമരത്തിൽ മാങ്ങ ഉണ്ടാകുമോ

എന്ന സംശയത്തോടുകൂടി അവൻ മരത്തിലേക്ക് നോക്കിയപ്പോൾ ഒരു വവ്വാലിനെ കണ്ടു. അപ്പോൾ നീയാണോ മാങ്ങ കടിച്ചിടുന്നേ എന്ന മട്ടിൽ അപ്പു വവ്വാലിനെ നോക്കി.

*"തിന്നണമെങ്കിൽ മുഴുവൻ തിന്നൂടെ... വെറുതെ ആർക്കുമില്ലാത്ത അവസ്ഥ ആക്കുന്നു"* എന്ന് അപ്പു വവ്വാലിനോട് പറഞ്ഞു കൊണ്ട് കുഞ്ചുവിന്റെ വീട്ടിലേയ്ക്ക് പോയി. അവിടെ എത്തിയപ്പോഴാണ് പോസ്റ്റ്മോർട്ടം റിപ്പോർട്ട് ലഭിച്ച വിവരം അപ്പു അറിഞ്ഞത്. അതിൽ പഴം തിന്ന വവ്വാൽ കാരണം ഉണ്ടാകുന്ന ഒരു വൈറസ് കാരണമാണ് ഏട്ടൻ മരിച്ചതെന്ന് ബോധ്യപ്പെട്ടു. നിപ്പ വൈറസ്. നാട്ടുകാരോടും, വീട്ടുകാരോടും ജാഗ്രതാ സമിതിക്കാര്, ജാഗ്രത നിർദേശം നൽകുന്നത് കേട്ടപ്പോൾ അപ്പുവിന്റെ നെഞ്ചൊന്നു പിടഞ്ഞു. വവ്വാൽ കടിച്ച പഴങ്ങളിലൂടെയാണ് നിപ്പ പകരുന്നതെന്ന്. അങ്ങനത്തെ പഴങ്ങൾ കഴിക്കരുതെന്ന് നിർദേശിച്ചു. അപ്പോഴേയ്ക്കും വൈറസ് അപ്പുവിന്റെ നാടിനെ ഒരു വിധം പൊതിഞ്ഞിട്ടുണ്ടായിരുന്നു. പലരും ആശുപത്രിയിൽ ചികിത്സ തേടി തുടങ്ങി. അപ്പു തിരിച്ച് ഓടിയത് ആ മാവിൻ ചുവട്ടിലേക്കായിരുന്നു. ഓടി എത്തിയ അപ്പു കണ്ടത് മാവിൻ ചുവട്ടിൽ നിറയെ കടിച്ച മാങ്ങകളായിരുന്നു.


രോക്ഷാകുലനായ അപ്പു വവ്വാലിനോട് പറഞ്ഞു: *"നീ കാരണമാണ് എനിക്കെന്റെ സുഹൃത്തിനെ നഷ്ടമായത്. ഒരു അമ്മയ്ക്ക് അവരുടെ രണ്ടു മക്കളേയും വിടപറയേണ്ടി വന്നത്. എന്തിനു ഇത് ചെയ്തു?"*

ഇങ്ങനെ കരഞ്ഞു പറയുന്ന അപ്പുവിനോട് വവ്വാൽ സംസാരിക്കുകയുണ്ടായി. വവ്വാൽ സങ്കടത്തോടെ പറഞ്ഞു: *"ഞാൻ ഇതൊന്നും അറിയില്ലായിരുന്നു. എന്റെ മകനാണ് മാങ്ങകൾ വെറുതെ കടിച്ചിടുന്നത്. എന്റെ മകന് വേണ്ടീട്ടാണ് ഞാൻ മാങ്ങകൾ പറിക്കുന്നതും. അവന് ഒരുപാട് ഇഷ്ടമാണ് അതുകൊണ്ടാണ്."*

അപ്പ വവ്വാലിനെ നോക്കിക്കൊണ്ട് പറഞ്ഞു: "*എന്നാൽ മുഴുവൻ തിന്നു കൂടെ, ഭക്ഷണം എന്തിനാണ് ആർക്കുമില്ലാത്ത അവസ്ഥയിലാക്കുന്നത്. ഒന്നും കളയരുത്..... പ്രത്യേകിച്ചും ഭക്ഷ്യവസ്തുക്കൾ.....*"

പിന്നെ അപ്പ വവ്വാലിനോട് താൻ കാരണം പിടിക്കപ്പെട്ട വൈറസിനെ പറ്റി പറഞ്ഞു കൊടുത്തു. ഇതെല്ലാം കേട്ട വവ്വാൽ സങ്കടത്തോടെ ചോദിച്ചു.... താൻ ഇനി എങ്ങനെ പരിഹാരം കാണും എന്ന് ചോദിക്കുകയും ചെയ്തു. അപ്പോൾ അപ്പ പറഞ്ഞു: *"ഇനി മാങ്ങകൾ കടിച്ച് കീറാതെ മുഴുവനും തിന്നുക".*


ഇനി ശ്രദ്ധിച്ചോളാം എന്ന മട്ടിൽ വവ്വാൽ അപ്പുവിനോട് യാത്ര പറഞ്ഞു പോയി. അപ്പ തിരിച്ച് വീട്ടിൽ ചെന്നപ്പോൾ വവ്വാലിനെ കൊന്നൊടുക്കാൻ തീരുമാനിച്ചിരുന്നു. അപ്പ കാര്യങ്ങളെല്ലാം വിവരിച്ചു കൊടുത്തു. ആശുപത്രിയിൽ തിരക്കിയപ്പോൾ വൈറസ് ബാധിച്ചവരുടെ എണ്ണം കുറഞ്ഞു വരുന്നതായി അറിഞ്ഞു. അങ്ങനെ അപ്പുവിന്റെ നാട് പഴയതു പോലെ ആയി. എല്ലാവരും സമാധാനത്തോടെ ജീവിക്കാൻ തുടങ്ങി. പിറ്റേന്ന് അപ്പ ചായ പോലും കുടിക്കാതെ ഓടിയത് മാവിൻ ചുവട്ടിലേയ്ക്കായിരുന്നു. അവിടെ വവ്വാൽ എത്തിയിരുന്നു. അപ്പ എല്ലാം വിവരിച്ചു. അതുകേട്ട് വവ്വാൽ അപ്പുവിനോടു നന്ദി പറഞ്ഞു. തന്റെ സമൂഹത്തെ ഇല്ലാതാക്കുന്നതിൽ നിന്ന് രക്ഷിച്ചതിന് അപ്പുവും തിരിച്ച് നന്ദി പറഞ്ഞു കൊണ്ട് രണ്ടുപേരും പിരിഞ്ഞ് യാത്രയായി. അങ്ങനെ നമ്മുടെ നാട്ടിൽ നിപ്പ വൈറസ് എന്ന രോഗം റിപ്പോർട്ട് ചെയ്യുന്നത് ഇല്ലാതാവുകയും, രോഗം മുഴുവൻ ഇല്ലാതാവുകയും ചെയ്തു. അങ്ങനെ നമ്മുടെ നാട്ടിൽ ഒരു ഭാഗം പോലും കെട്ടമാങ്ങകളോ, ഇത്തിരി ചതുങ്ങിയതോ ആയ മാങ്ങകൾ പോലും മനുഷ്യർ തിന്നാതെ വലിച്ചെറിയാൻ തുടങ്ങി. പേടിയോടും, ചെറിയ ഒരു സുരക്ഷയ്ക്കുവേണ്ടിയുമാണത്.....



# FRIEND IN MY LIFE

**Amina.M.P**

**9th E**




*Friends, they are the*
*Blooming blossoms*
*Which spread fragrance*
*Of love in our life*

*Some of them are*
*Beautiful thoughts*
*Others fall down quickly*
*It's a good boon.*

# തത്തമ്മ

**തൃഷ്ണ അജയ്**

**8th B**



വാനപ്പന്തലിൻ  താഴത്ത്
പച്ചപുൽകുന്നിൻ അറ്റത്ത്
സ്നേഹനദിയുടെ തീരത്ത്
നെൽവയലിന്റെ ഓരത്ത്
കച്ചേരികുന്നിന്റെ  താഴ്വരയിൽ,
സ്വപ്നങ്ങൾ  നെയ്തൊരു കൊച്ചുവീട്
നിനക്കായ് ഞാനൊന്നു പടുത്തുയർത്താം.
പുത്തരിനെല്ലിന്റെ പത്തായം.
നിനക്കായ് ഞാനൊന്ന് വെച്ചേക്കാം.
നിന്നുല്ലാസത്തിൻ മന്ത്രജാലം
എന്നോടൊന്നു ചൊല്ലീടാമോ......
എന്നുല്ലാസത്തിൻ  മന്ത്രജാലം
ഏതൊന്നുമില്ലാ മറച്ചീടുവാൻ
ഏവരുടെയും ഉള്ളിലെ സ്നേഹവും സത്യവുമാ-
ണെന്റെ ഉല്ലാസത്തിൻ മന്ത്രം.



# THE MIRROR


Filu, Riha

***9th C***

*I am a silver and exact . I have nee pre-*
*conceptions whatever I see I swallow*
*Immediately*
*Just as it is , unlisted by love or dislike.*
*I am not cruel only truthful.*

*The mirror it shows the defects and proper*
*Image. The beauty and scary.....!*
*The real and converged one .....!*
*The people can identify them.....!*

# എന്റെ ജീവിതത്തെപ്പറ്റി ഒരു കഥ



ഫാത്തിമ ഹനാൻ .കെ.പി

6th D

ഒരു ദിവസം ഞാൻ ടി.വി കാണുമ്പോൾ നല്ല മഴ. രാത്രി ആയപ്പോൾ എന്റെ അമ്മ വന്നു എന്നെ വിളിച്ചു. മോളേ എഴുന്നേൽക്ക്.... ഞാൻ എഴുന്നേറ്റ് പുറത്തു വന്നു നോക്കുമ്പോൾ വെള്ളം എന്റെ വീടിന്റെ മുറ്റത്ത് എത്തിയിരിക്കുന്നു. ഞാൻ പേടിച്ചു. പിന്നെ രാവിലെ ആയപ്പോൾ എന്റെ വീടിന്റെ പുറകിലെ അടുക്കളയുടെ ഭാഗത്തും വെള്ളം എത്തി. രാത്രി ആയപ്പോൾ വെള്ളം കയറി വരാൻ തുടങ്ങി. രാവിലെയും അതുപോലെ തന്നെ കയറിവരാൻ തുടങ്ങി. ഞാനും എന്റെ കുടുംബവും ഞങ്ങളുടെ കുടുംബക്കാരുടെ വീട്ടിൽ പോയി നിന്നു.

അപ്പോൾ അവിടെ എനിക്ക് ഒരു സമാധാനവും കിട്ടിയില്ല. എന്റെ കുടുംബക്കാരുടെ വീട്ടിലും വെള്ളം പടി വരെ എത്തി. അപ്പോഴും ഞാനെന്റെ കുടുംബത്തെ പറ്റി ഓർത്തിരിക്കുകയായിരുന്നു.

അതുപോലെ തന്നെ നിപ്പ. നിപ്പ ഞങ്ങളെ പേടിപ്പിച്ച ഒരു അസുഖമായിരുന്നു. കോഴിക്കോട്, മലപ്പുറം അങ്ങനെ എല്ലായിടത്തും നിപ്പ ഉണ്ടായിരുന്നു.

എന്റെ ജീവിതം കഷ്ടത്തിലാണ്. എപ്പോഴും സങ്കടം... പേടി... പ്രളയം എല്ലാവർക്കും നഷ്ടം തന്ന ഒരു ഭീകരമായ സംഭവമായിരുന്നു. എല്ലാവരുടെയും നഷ്ടവും കണ്ണുനീരും ഒക്കെ ആ പ്രളയത്തിൽ ഉണ്ടായിരുന്നു. നിപ്പ എല്ലാവർക്കും സങ്കടമുണ്ടാക്കി. സങ്കട നിപ്പ.

# MY MOTHER



DIYA HANAN VP


9th E

*I see a weak hand,*
*When I touch it...*
*It is strong as my mother's...*



*Her shape is so weak*
*But she is strong , by her*
*Incredible love and care.*
*I see that hand every where*
*When I sleep, when I rise,*
*When I fall, when I jump,*
*Always I see that hand,*
*I See that hand, with my shadow*
*Now I search it every where....*
*At last I find her....*
*Soul of love, it is around me....*
*And I see a weak hand*
*When I touch it....*
*It is strong...*
*Like my mother's hand.*

# WORDS OF EARTH



# വൃദ്ധജനങ്ങളെ കാണാനുണ്ടോ??...



നേഹ ഫാത്തിമ എൻ പി


9th G

നമ്മുടെ ലോകത്തിൽ മനുഷ്യർ വർധിച്ചു വരുന്നതിനനുസരിച്ച് വീടുകളുടെയും കെട്ടിടങ്ങളുടെയും സ്ഥാപനങ്ങളുടെയുമൊക്കെ വർധനവ് കൂടിക്കൊണ്ടിരിക്കുകയാണ്. അതിൽ ഒന്നാണ് വൃദ്ധസദനങ്ങൾ. വൃദ്ധസദനങ്ങളുടെ വളർച്ച നമ്മെ പോലെയുള്ളവരെ കരയിപ്പിക്കുന്നു. പല ആളുകളും വൃദ്ധജനങ്ങളെ സംരക്ഷിക്കാൻ തയ്യാറാകുന്നില്ല. അവരെല്ലാവരും സ്വന്തം കാര്യത്തിൽ ഒതുങ്ങിത്തീർപ്പാക്കാനുള്ള തിരക്കിലാണ്. ആ തിരക്കിനിടയിൽ സ്വന്തം മാതാപിതാക്കളെ പോലും മറന്നുപോകുന്ന കാലമാണിത്. തന്റെ മാതാപിതാക്കൾ കഷ്ടപ്പെട്ടുണ്ടാക്കിയതാണ് താൻ ജീവിക്കുന്ന സ്വർഗമെന്ന് അവർ ചിന്തിക്കുന്നില്ല. ഇന്നത്തെ മാതാപിതാക്കൾക്ക് അവരുടെ വാർദ്ധക്യകാലത്ത് കരയേണ്ട അവസ്ഥയാണിപ്പോൾ. മക്കൾക്ക് അവരെ പരിപാലിക്കാൻ കഴിയാതായാൽ അവരെ വൃദ്ധസദനത്തിൽ കൊണ്ടു ചെന്നാക്കുന്നു. ആർക്കും ആ സമയത്ത് തന്നെ പോറ്റി വളർത്തിയ മാതാവാണ് എന്നോ തനിക്ക് എല്ലാറ്റിനും പണം നൽകിയ പിതാവാണ് എന്നോ ചിന്തയില്ല. അവർക്കെല്ലാവർക്കും സുഖമായി ജീവിക്കണം എന്ന ഒറ്റ ചിന്തയേയുള്ളൂ.എന്നാൽ ഇനി വരുന്ന തലമുറകൾ ഇതിനെ മാതൃകയാക്കാതിരിക്കാൻ നമുക്ക് പ്രതിജ്ഞ ചെയ്യാം....... മൂല്യബോധമുള്ള തലമുറയെ വാർത്തെടുക്കാം. കാരണം കഥ പറഞ്ഞു തരാനും ഓമനിക്കാനും ഞങ്ങൾക്കവരെ ആവശ്യമാണ്.

# പൊന്നിൻനക്ഷത്രം

തൃഷ്ണ അജയ്.എ

8.ബി



പൊന്നിൻ നക്ഷത്രം
മിന്നങ്ങും നക്ഷത്രം
എന്തൊരു സുന്ദരനക്ഷത്രം
എന്തൊരു സുന്ദരനക്ഷത്രം

വർണ്ണശോഭയിൽ മുങ്ങി കുളിച്ചീടും
പൊന്നിൻ നക്ഷത്രം
എന്തൊരു സുന്ദരനക്ഷത്രം

അമ്പിളിയോടൊത്ത് കൊഞ്ചി കുഴഞ്ഞിടും
പൊന്നിൻനക്ഷത്രം
എന്തൊരു സുന്ദരനക്ഷത്രം

വിശ്വനിലാവിൽ  തത്തികളിച്ചിടും
പൊന്നിൻ നക്ഷത്രം
എന്തൊരു സുന്ദരനക്ഷത്രം.

# NATURE'S HEART




## Henna K.M

**9th G**

*Our Kerala is a God's own country. Many forest, hills rivers are here. Many animals lives in Kerala. Kerala is a natural state. All are love Kerala. Now a days everyone loves the beauty of nature for money. All are wants money. Don't think about the disasters of nature. All of us want money. They are only think about money. We want money for living, But not to exploit the nature. Now a days all are disturbing the nature with construct of buildings, factories. These are polluting our earth. The careless exploitation of nature leads to disasters. In factory many chemicals go through and mix in the air. Its cause the depletion of earth. Due to effects of chemicals oxygen decreases and carbon dioxide increases. Toxic air is the reason for depletion of nature and living beings. We are careless about nature. The nature will be careless about as example is flood in our Kerala. It is a*

*natural disasters but its make new and fresh mind. nature will be angry with us because all are depleting the earth. Global warming is main reason. Forest is the heart of nature. Due our depletion of nature flood, landslide, earthquake are formed. If we kill the nature the nature will kill us. Nature is forgiving. Luxury peoples are build star hotel factories but its effect poor peoples don't disturb the nature. If you disturb it the nature will be angry of you. So love the nature. Nature is the mother for us. All are equal in earth.*





# MURAL ART

*SHIJI.G*
*ENGLISH TEACHER*



# കേരളത്തിലെ വെള്ളപ്പൊക്കം

**2018** ആഗസ്റ്റിൽ കേരളത്തിൽ സംഭവിച്ച വെള്ളപ്പൊക്കം. 2018 ജൂലൈ-ആഗസ്റ്റ് മാസങ്ങളിൽ തെക്ക പടിഞ്ഞാറൻ കാലവർഷം ഉയർന്ന അളവിൽ മഴ പെയ്യതിന്റെ ഫലമായാണ് 2018 ൽ കേരളത്തിൽ വെള്ളപ്പൊക്ക ദുരന്തം സംഭവിച്ചത്. അതിശക്തമായ മഴയെ തുടർന്ന് കേരളത്തിലെ മിക്ക ജില്ലകളിലും വെള്ളപ്പൊക്കവും മലയോര മേഖലകളിൽ ഉരുൾപ്പൊട്ടലുമുണ്ടായി. അണക്കെട്ടുകളിലെ ജലനിരപ്പ് ക്രമാതീതമായി ഉയർന്നതോടെ അവയുടെ ഷട്ടറുകൾ തുറന്ന വിട്ടത് വെള്ളപ്പൊക്കത്തിന്റെ ആഘാതം വർദ്ധിപ്പിച്ചു. ചരിത്രത്തിലാദ്യമായാണ് കേരളത്തിലെ 54 അണക്കെട്ടുകളിൽ 35 എണ്ണവും തുറക്കേണ്ടി വന്നത്. 26 വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് ചെറുതോണി അണക്കെട്ടിന്റെ 5 ഷട്ടറുകൾ തുറന്നത്. അതിശക്തമായ മഴയിൽ വയനാട് ജില്ല പൂർണമായും ഒറ്റപ്പെട്ടുവെന്ന് പറയാം. നദികൾ  കരകവിഞ്ഞൊഴുകിയത് റോഡ്, റെയിൽ, വ്യോമ ഗതാഗത മേഖലകളെ പ്രതികൂലമായി ബാധിച്ചു. 99 ലെ വെള്ളപ്പൊക്കം എന്നറിയപ്പെടുന്ന 1924-ലെ പ്രളയത്തിനുശേഷം കേരളത്തിലുണ്ടായ ഏറ്റവും വലിയ പ്രളയമെന്നാണ് 2018-ലെ വെള്ളപ്പൊക്കം വിശേഷിപ്പിക്കപ്പെടുന്നത്. കനത്ത മഴയിലും, പ്രളയത്തിലും ഉരുൾപ്പൊട്ടലിലും ഏകദേശം 140 പേർ മരിച്ചതായും 14 പേരെ കാണാതായതായും 140 പേർ ആശുപത്രിയിലായതായും മുഖ്യമന്ത്രി പിണറായി വിജയൻ പ്രളയാനന്തര പ്രവർത്തനങ്ങളെ കുറിച്ച് ചർച്ച ചെയ്യാൻ ചേർന്ന പ്രത്യേക നിയമസഭാ സമ്മേളനത്തെ അറിയിച്ചു. കാലവർഷം ശക്തമായ ഓഗസ്റ്റ് 21 ന് 3,9,1,494 ലക്ഷം കുടുംബങ്ങളിൽ നിന്നായി 14,60,707 ആളുകൾ ദുരിതാശ്വാസ ക്യാമ്പുകളിൽ ജീവിക്കേണ്ട അവസ്ഥയിലെത്തി. കേരളത്തിലെ 14 ജില്ലകളിലും അതീവ ജാഗ്രതാ മുന്നറിയിപ്പ് പ്രഖ്യാപിച്ചു.

# സ്നേഹം

*ശിവാനി*

6th C



സ്നേഹത്തീരങ്ങളൊഴുകിയൊഴുകി
സ്നേഹഗീതങ്ങൾ ഒഴുകി ഒഴുകി
സ്നേഹ നൃത്തങ്ങൾ ആടിയാടി....

സ്നേഹത്തീരങ്ങളൊഴുകിയൊഴുകി
സ്നേഹ ഗീതങ്ങൾ ഒഴുകി ഒഴുകി
സ്നേഹ നൃത്തങ്ങൾ ആടിയാടി....
സ്നേഹത്തിൻ തുള്ളികൾ
സ്നേഹത്തിൻ മുത്തുകൾ
സ്നേഹത്തിൻ തുള്ളികൾ
സ്നേഹത്തിൻ മുത്തുകൾ

ആടി പാടി വരുന്നിതാ...
സ്നേഹത്തിരങ്ങളൊഴുകിയൊഴുകി
സ്നേഹ ഗീതങ്ങൾ ഒഴുകി ഒഴുകി
സ്നേഹ നൃത്തങ്ങൾ ആടിയാടി....
ദുഃഖത്തെ അകറ്റാം
സ്നേഹത്തെ നുകരാം...

കലകളെ ഉയർത്താം
പേടിയെ അകറ്റാം
ധൈര്യത്തെ കൂട്ടു വിളിക്കാം...
ലാല ലാലാല ലാലാലാ.....



സ്നേഹത്തീരങ്ങളൊഴുകിയൊഴുകി
സ്നേഹ ഗീതങ്ങൾ ഒഴുകി ഒഴുകി
സ്നേഹ നൃത്തങ്ങൾ ആടിയാടി....
സ്നേഹ നൃത്തങ്ങൾ ആടിയാടി....


# എന്റെ സന്ധ്യ




ശീതൾ .ആർ.കെ

9th F

സന്ധ്യാസമയം. ആ സമയത്ത് പ്രകൃതിയുടെ വെളിച്ചം അണയും. വീടുകളിൽ ദീപങ്ങൾ നിറയും. സന്ധ്യയിലെ ആ ഇരുട്ട് നിറഞ്ഞ വെളിച്ചം എന്നെ സംബന്ധിച്ച് ഒറ്റപ്പെടലിന്റെ നിമിഷങ്ങളാണ്. അമ്മൂമ്മയുടെ വീട്ടിലേക്കുള്ള അഞ്ച് മിനിട്ട് യാത്ര. രാത്രിയെ സ്വപ്നം കണ്ടുകൊണ്ടുള്ള യാത്ര. അമ്മൂമ്മയുടെ പലഹാരത്തെ സ്വപ്നം കണ്ടുകൊണ്ടുള്ള യാത്ര. ആ യാത്രയിൽ കിളിയുടെ ശബ്ദം നിലയ്ക്കുന്നത് പോലെ തോന്നും എനിക്ക്. വീടുകളിൽ നിന്നുള്ള പ്രാർത്ഥനകൾ കേൾക്കാം. സന്ധ്യ എന്റെ മനസ്സിൽ അതിമനോഹരമാണ് എന്നാൽ മഴയെ ആ ഒറ്റക്കുള്ള രാത്രിയിൽ കൂട്ടുന്നതിന് എനിക്ക് തീരെ താൽപര്യമില്ല.



# GARDEN SNAKE



Vyshnavi.T
***9th E***

*I saw a snake and ran away....*
*Some snakes are dangerous they say*
*But mother says that kind is good*
*And cats up insects for his food*
*So when he wiggles in the grass*
*I'll stand a side & watch him pass..*
*And tell myself, there's no mistakes*
*It's just a harmless garden snake.*





# എന്റെ പനിനീർ ചെടി

ഫാത്തിമ നസ്രിൻ

5th E

അങ്കണത്തിൻ അലങ്കാരമായൊരു
ചെമ്പനീർ ചെടി നട്ടു വളർത്തി ഞാൻ.
ജാതമോദത്തിനവാസരം
ശീതളജലധാര പകർന്നു ഞാൻ.

നാൾക്കുനാളിൽ നാമ്പുണരുന്നതും
നോക്കി നോക്കി മനം കുളിർപ്പിക്കുവാൻ
മുട്ടുത്തോറും കുളിർക്കും മുളകളെ
ക്ഷുദ്രക്കീടം കരളാതെ കാക്കുവാൻ

അങ്കുരിക്കും കുരുന്നിലയുഗ്രമാ-
മുച്ചവെയിലേറ്റു വാടാതെ നോക്കുവാൻ
വിസ്മരിക്കാതെ നിന്നു ഞാനാ-
പ്പുതുപുഷ്പവല്ലിയ്ക്കു കാവൽ മാലാഖയായ്.



# CHILDHOOD

Mini.D.K
Music Teacher



*Everyone of you are passing through the most beautiful, happiest and important phase of your life.*

*In my childhood I am writing this article to share my views on the importance of having dreams in your life. Its our dreams that encourage us to ahead.*

*"Dream, Dream, Dream,*
*Dreams transform to thoughts*
*And thoughts results in actions."*

*Quoting a dialogue from one of my favourite movie, the pursuit of happiness.*

*"Don't ever let somebody tell you, You can't do something. If you have a dream, you have to protect it. People can't do something, they want to tell you, you can't do it. If you want something, go and get it."*

*I love this movie very much and suggest everyone to watch it because, it teaches about lot of good qualities we must have, it tells us to walk through each failure*

*without losing passion. It reminds us that results don't happen over-tight and tells us to be patient-and keep working hard.*
*It makes us remember that there will be obstacles and there will be mistakes. It says that,whatever happens in life, protecting our dream and hard working for it definite makes us successful, and it shows that, the moment of our life.*
*Children, since you are the promises of the future of our nation, you have to*
*Dream your biggest*
*Work your hardest and*
*Be your greatest.*
*Let the gold almighty help you to achieve success.*



# സ്ത്രീ

തൃഷ്ണ അജയ്

8th B

സ്ത്രീ എന്ന ഒറ്റ പദത്തിനർത്ഥം
മായാവാത്സല്യമെന്നാണ് ...
സ്നേഹക്കടലെന്നാണ് ...
അവൾ അമ്മയാണ് ....
സഹോദരിയാണ് .
ദേവിയാണ്..
മഹേശ്വരിയാണ്..
പാർവതിയാണ്
അവൾ .. ഗുരുവുമാണ്...
56 അസ്ഥികൾ നുറുങ്ങുന്ന
വേദനക്ക്സമമായ
പ്രസവവേദനയെക്കാൾ
വലിയവേദനയാണ്
നൊന്തുപ്രസവിച്ചീട്ടും
മക്കൾ നൽകും ദ്രോഹത്തിൻ
നൊമ്പരം.......................
ഈവേദനക്ക് നടുവിലും
പുഞ്ചിരിക്കുകമാത്രം
ചെയ്തിട്ടും ആപുണ്യജന്മത്തെ
നാം വിളിക്കുന്നതിങ്ങനെ...............
സ്ത്രീ.......................






# THE SQUIRRELS

**VYSHNAVI**

*9th E*




# എൻജീവിത മുഖ്യസമ്മാനങ്ങൾ




ആമിന എസ്റിൻ. എ .ടി

5th C




മയിൽ പീലി സ്പർശം പോലെ
അമ്മയുണ്ട് തഴുകാൻ
തേൻത്തുള്ളി സ്പർശം പോലെ
അച്ഛനുണ്ട് തലോടാൻ
മധുരപ്പാട്ടുകൾ പാടി ഉറക്കാൻ
എൻ അമ്മൂമ്മ
കൂടെ നടക്കാൻ എൻ അപ്പൂപ്പനും
കൂടെ കളിക്കാൻ എൻ അനിയൻമാരും
സന്തോഷം പകരാൻ എൻ കൂട്ടുകാരും
അറിവ് പകരാൻ എൻ അദ്ധ്യാപകരും
സമ്മാനമാണിത്......... സമ്മാനമാണിത്.........
എൻ ജീവിത മുഖ്യ സമ്മാനമാണിത്.

## MYSTERY OF THE TALKING FAN




Vyshnavi.T

**9th E**



*Once there was a talking fan*
*Electrical his chatter*
*I couldn't quiet hear what he said*
*And i hope it doesn't matter*
*Because one day somebody oiled*
*His little whirling motor*
*And all the my story was spoiled*
*He can as still as water.*



# EDUCATION TECHNOLOGY

Ayisha Rifa.V.k

**10th F**


*Educational technology is the study and ethical practice of facilitating learning and improving performance like creating,using,and managing appropriate technology process and resources.*

*Educational technology is the use of the smooth physical hardware and educational theoretic. It encompass several domains including learning theory,computer ceased training,online learning,and where mobile technologies are used in learning. Accordingly,there are several discrete aspects to describing the intellectual and technical development of education technology.*

*Education technology as the theory and practice of educational approaches to learning.*



# KERALA AND FLOOD



Aysha Rifa .V.K

**9th F**

*From 9th August 2018, severe floods effected the south Indian state of Kerala, due to un usually high rainfall during the monsoon season it was the wrist flood in Kerala in nearly a century. Over 483 people died,and 14 are missing about a million people were evacuated mainly from Chengannur, Pandanad, Chalakudi, Palakkad etc..all 14 districts of the state were placed on red alert. The Indian government are declared it as level 3 calamity or calamity of a severe nature. It is the worst flood in Kerala after the great flood of 99 that took place in 1924.*





# ROSE

Fathima Hanna.T

*A sign of beauty*
*A symbol of grace*
*Its pride runs strong*
*At a very fast pace.*

*Its wild like a wolf*
*It's gentle like the breeze*
*And it has a burning honour*
*Its not eager to peace.*

*But carelessness pays*
*Its armed with thorns*
*It'll laugh while you're bleeding*
*As your skin gets turns*

*Its love world wide*
*But don't be fooled by its pose*
*it hold ancient,dark secret*
*Be bare of the crimson rose.*

# പ്രകൃതി മാതാവ്



ഹൃദ്യ

9th G

ചക്കരമാവിൻ കൊമ്പത്തിരുന്നൊരു
ഓമൽ പൊൻകിളി പാടി.
പാട്ടിന്റെ ഈണത്തിൽ ഒപ്പം മൂളി
അണ്ണാരകണ്ണനും മൂളി...

തേൻമാവിൻ കൊമ്പത്തൊരൂഞ്ഞാലുകെട്ടി
നാട്ടിലെ കൂട്ടുകാർ പാടി.
പാട്ടിന്റെ ഈണത്തിൽ ഒപ്പം കൂടി
ചാടി കളിച്ചു കണ്ണൻ.



കണ്ണന്റെ കൂടെക്കളിച്ചൊരു
കുഞ്ഞിക്കുയിലും പാടി.
പാട്ടിന്റെ വിത്തുകൾ
പാകിയെറിഞ്ഞൊരു
ഓമൽ തെന്നൽ നീയല്ലേ?

ഏഴുവർണ്ണങ്ങളും ചാലിച്ചെഴുതിയ
വാക്കുകൾ നിന്നുടേതല്ലേ?

ഏവർക്കും കൂട്ടായി ഒപ്പം കൂടിയ
സൗന്ദര്യ ലക്ഷ്മി നീയല്ലേ?
സുന്ദരകാവ്യങ്ങൾ ഒത്തൊരുമിച്ചൊരു

സ്നേഹത്തിൻ വൃക്ഷം നീയല്ലേ?
ലോകത്തിൻ അമ്മ നീയല്ലേ?
മൂന്നക്ഷരം കൊണ്ട് സ്നേഹം
*ചൊരിയുന്ന പേരതു നിന്നുടേതല്ലേ?*



# FLOWERS OF WORLD

*The little children become the flowers*
*They are the future of the world*
*They are caring and lovable*
*Ignore the  block of your way*
*And reach your triumph*
*Don't  under the dominated*
*Don't under the old things*
*They are the monitor of the world.*




# SOMEBODY 'S MOTHER



*It was a winter day. A very old and tired woman waited long to cross a busy road. None cared her. even the happy school children did not come to the old woman 's help. At last a very happy boy of a group who noticed the old woman came to her help. He helped the old woman to cross the road safely and returned to his friends. He told them that she was somebody 's mother and somebody would help his mother one day when her son was away from her. That somebody 's mother most sincerely prayed god that night to be kind to that noble boy who was somebody 's son.*

# തത്തക്കുഞ്ഞ്



ആമിന മിഷ് വ. എം

5th E

പുഴയുടെ തീരത്ത് ഒരു വലിയ ആൽമരമുണ്ട്. അതിൽ ഒരു തത്തമ്മ കൂടുണ്ടാക്കി താമസം തുടങ്ങി. തത്തമ്മയ്ക്ക് ഒരു കുഞ്ഞുണ്ട്. തത്തമ്മ പുഴയുടെ അക്കരെ കതിര് പെറുക്കാൻ പോകും. മടങ്ങി വരുമ്പോൾ കുഞ്ഞിന് കതിരും തെച്ചിപ്പഴവും കൊണ്ടു വരും.അവർ സുഖമായി ജീവിച്ചു പോന്നു. പച്ചിലക്കാട്ടിൽ നിന്ന് ഉണ്ണിയ്ക്കു ഞാനൊരു തെച്ചിപ്പഴം കൊണ്ടു തന്നീടാമെന്നും എങ്ങും പോവരുതെന്നും തത്തമ്മ, കുഞ്ഞിനോട് പറഞ്ഞു പോകും. ഒരു ദിവസം തത്തമ്മ ഭക്ഷണത്തിനായ് പോയി. പൂവുകൾ വിരിഞ്ഞുനിൽക്കുന്നു. തണുത്ത കാറ്റ് വീശുന്നു. ഇലകൾ കാറ്റിൽ ആടിക്കളിക്കുന്നു. പൂമ്പാറ്റകളും പറക്കുന്നു. തത്തക്കുഞ്ഞിന് ഒരു ആശ തോന്നി. തത്തക്കുഞ്ഞ് പറക്കാൻ നോക്കി. കഷ്ടം! മരകൊമ്പിൽ നിന്ന് താഴെ വീണു.  അമ്മ പറഞ്ഞത് കേട്ടിരുന്നാൽ ഇത് സംഭവിക്കില്ലായിരുന്നുവെന്ന് തത്തക്കുഞ്ഞിന് മനസ്സിലായി.



# യാത്രാവിവരണം



ഫാത്തിമ.എൻ.വി

5th E

ഞാൻ നാലാം ക്ലാസ്സിൽ പഠിക്കുമ്പോൾ ഞങ്ങളുടെ സ്കൂളിൽ നിന്ന് അധ്യാപകരും കുട്ടികളും അമ്മമാരും ചേർന്ന് ഫ്ലോറോ ഫാന്റസിയ എന്ന അമ്യൂസ്മെന്റ് പാർക്കിലേയ്ക്ക് പോയി. ഞങ്ങൾ ഇവിടെ നിന്ന് പുറപ്പെടുമ്പോൾ എട്ടുമണിയായിരുന്നു. പത്തുമണിയായപ്പോഴേക്കും ഞങ്ങൾ അവിടെ എത്തി. ബസ്സിൽ നിന്ന് ഇറങ്ങി ഞങ്ങൾ ഭക്ഷണം കഴിച്ചു. അതിനുശേഷം ഫ്ലോറിലേക്ക് നടന്നു. അവിടെയെത്തിയപ്പോൾ ഞങ്ങൾക്കെല്ലാം വലിയ സന്തോഷമായി. ഞങ്ങൾ ആദ്യം ബാഗ് കൊണ്ടു വെച്ചു. പിന്നെ ഡ്രസ് മാറ്റിയതിനു ശേഷം തിരിച്ച് പാർക്കിലെത്തി. അവിടെ കുറേ കാഴ്ചകൾ കണ്ടു. അവിടെ പലതരം റൈഡുകളിൽ കയറി. പേടിയില്ലാതെ ഞങ്ങൾ എല്ലാവരും പറന്നു നടന്നു. അതിനു ശേഷം ഞങ്ങൾ അവിടുന്ന് ഭക്ഷണം കഴിച്ചു. പിന്നീട് ഞങ്ങൾ വാട്ടർത്തീം പാർക്കിൽ പോയി. അവിടെ വിവിധ റൈഡുകളിൽ കയറി. ചില റൈഡുകൾ ഞങ്ങളിൽ ആശ്ചര്യമുളവാക്കി. പിന്നെ സിനിമ കണ്ടു. വെള്ളത്തിലും, സ്വിമ്മിങ് പൂളിലും മതിമറന്ന് സന്തോഷിച്ചു. വൈകുന്നേരം 6.30 ആയപ്പോൾ ഞങ്ങൾ അവിടെനിന്ന് തിരിച്ചു. വരുന്ന വഴിയിൽ പാട്ടുപ്പാടിയും, ഡാൻസ് കളിച്ചും മതിമറന്ന് ഞങ്ങൾ ഉല്ലസിച്ചു. ടീച്ചറോടും, പിന്നെ എന്റെ കൂട്ടുകാരോടുമൊത്തുള്ള ആ യാത്ര എനിക്ക് മറക്കാൻ പറ്റാത്ത ഓർമ്മയാണ്.

# മേരി



പ്രിത്യ കൃഷ്ണ
10 I

ഒരിടത്ത് ഒരു മനുഷ്യൻ ഉണ്ടായിരുന്നു. അയാളുടെ പേര് പപ്പൻ എന്നായിരുന്നു. അയാൾ നല്ല വെള്ളമടിക്കാരനും പുകവലിക്കാരനുമായി-രുന്നു. അയാൾ തന്റെ രഹസ്യക്കാരി ജാനമ്മയോടൊത്ത് കിടന്നുറങ്ങും. ഒരു നാൾ വെള്ളപ്പൊക്കത്തിൽ അയാൾക്ക് ഒരു കുഞ്ഞുമാലാഖയെ കിട്ടി അതിനെ മേരി എന്ന് പേരു വിളിച്ചു. അവൾ യൗവനവും കൗമാരവും ഒക്കെ കടന്നു പോയി. അവൾ പിന്നീട് അറിയുകയുണ്ടായി അവൾ പപ്പന്റെ മകളല്ലെന്ന്. അത് അവൾ അറിയാൻ കാരണമായ വർക്കിയെ അയാൾ ഭീഷണിപ്പെടുത്തുകയും തല്ലുകയും ചെയ്തു. കാലം കടന്നുപോയതും അവളെ തൊമ്മിയെ കൊണ്ട് അയാൾ കെട്ടിച്ചു. അതിനിടെ പപ്പനെ കാണാതായി. അവളാകെ വിളറി. പിറ്റേന്ന് രാവിലെ അവൾ കണ്ടു, ചോരയിൽ കുളിച്ച് വെട്ടും കുത്തുമേറ്റ് കിടക്കുന്ന പപ്പന്റെ ശരീരം. അവൾ നിലവിളിച്ചു.

അങ്ങനെ ഒരിക്കൽ അവൾ ഗർഭിണിയാവുകയും പ്രസവിക്കുകയും ചെയ്തു. രണ്ട് ആൺകുട്ടികൾ. അവൾ അവരെ താഴത്തും തലയിലും വെയ്ക്കാതെ ഓമനിച്ചു. 7 വയസ്സ് പ്രായം ആയപ്പോൾ രണ്ടു കുട്ടികളും രോഗബാധിതരായി. ആ രോഗം അവളുടെ ഭർത്താവായ തൊമ്മിക്കും പടർന്നുപിടിച്ചു. അവർ ജന്മിയായ ജോസഫിന്റെ

അരികിലെത്തി. കുറച്ച് പണം കടം തരുമോ എന്ന് കേണപേക്ഷിച്ചു. അയാൾക്കാണെങ്കിൽ മേരിയെ പണ്ടേ ഒരു നോട്ടമുണ്ടായിരുന്നു. അയാൾ പറഞ്ഞു. 'പണം തരാം പക്ഷേ മേരി ഒന്ന് എന്നെ സഹായിക്കണം' അതിൽ നിന്നും മേരിക്ക് പിടികിട്ടി അയാൾ ഉദ്ദേശിച്ച സഹായമെന്താണെന്ന്. അവൾ പിന്നെ ഒരു നിമിഷം പോലും അവിടെ നിൽക്കാതെ ഓടിപ്പോയി. അപ്പോഴേയ്ക്കും അവളുടെ മക്കളും ഭർത്താവും മരിച്ചു കഴിഞ്ഞിരുന്നു. അവൾ ആകെ തളർന്നു പോയി. അവൾ എങ്ങോട്ടെന്നില്ലാതെ തിക്കിനിറഞ്ഞ ഒരു മുളങ്കാടിനുള്ളിലേക്ക് നടന്നു നീങ്ങി. പിന്നീട് ആരും മേരിയെ കണ്ടിട്ടില്ല.



# നാം ഒന്നല്ലേ.....



*ജാന.എ.ലൈസ്*

9th E

വർഗീയത മുളച്ചു നിൽക്കുന്ന ഈ രാജ്യത്ത് ജാതി മതം ചോദിക്കുന്നത് സ്വാഭാവികം. അതുകൊണ്ട് ചോദ്യങ്ങൾ ഏത് യാത്രയിലും പ്രതീക്ഷിക്കാം . രാജ്യത്താണെങ്കിൽ ചോദ്യം ഉറപ്പ്... കേരളത്തിൽ അൽപം പ്രതീക്ഷയുണ്ടായിരുന്നു. പക്ഷേ ആ പ്രതീക്ഷയും ഈ യാത്രയിൽ തുലഞ്ഞു. ഇപ്പോൾ ഏകദേശം മനസ്സിലായിട്ടുണ്ടാവും എന്താണ് സംഭവം എന്ന്. എന്റെ ഒരു യാത്ര..... എന്ന് പറയുമ്പോൾ തികച്ചും ഒരു മത്സര ഫലമറിഞ്ഞ് തൃപ്തിയോടെ ഞാൻ വരുകയായിരുന്നു. അങ്ങനെയുള്ള ഈ യാത്ര തീവണ്ടിയിലാണ്. കോഴിക്കോടായ എന്റെ നാട്ടിലേക്ക് ഞാൻ തിരിച്ച് വരുകയാണ്. അറിയാതെ മിഴികൾ അടഞ്ഞു. പെട്ടെന്ന് ട്രിൻ ട്രിൻ എന്നൊരു ശബ്ദം എന്റെ മിഴികൾ ഞെട്ടി എഴുന്നേറ്റു. ആദ്യം ഞാൻ തിരക്കി പിതാവ് അരികിൽ ഉണ്ടോ എന്ന്. ഉണ്ട്. എന്റെ തൊട്ടടുത്ത് ഉണ്ട്. ഞാൻ ചോദിച്ചു എന്താണ് ആ ശബ്ദം. അപ്പോൾ പുറത്ത് റെയിൽവേ സ്റ്റേഷനിൽ നിന്നുള്ളതാണെന്ന് പിതാവ് പറഞ്ഞു. അങ്ങനെ എന്റെ മിഴികൾ പ്രകൃതിയിലേക്ക് പതിഞ്ഞു. സൂര്യൻ! സുന്ദരനായ സൂര്യൻ എന്നെ ഉറ്റു നോക്കുകയാണ്. പെട്ടെന്ന് എന്റെ മുൻവശത്തെ സീറ്റിലിരുന്ന വ്യക്തി എന്നോട് ചോദിച്ചു .

'*എന്താ പേര്*'

ഞാൻ പറഞ്ഞു: *ജാന.എ.ലൈസ്.*

അദ്ദേഹം ചോദിച്ചു: *കോഴിക്കോട്ടായിരിക്കും അല്ലേ?*

അച്ഛൻ പറഞ്ഞു: *അതെ.*

അങ്ങനെ ഇരിക്കുന്ന സമയം ഒരു സുന്ദരമായ പ്രകൃതികാഴ്ച ഞാൻ കണ്ടു . ആ കാഴ്ച എന്റെ കണ്ണുകളെ മറച്ചു . സുന്ദരമായ ആകാശം എന്ന കന്യക. അവളുടെ മുഖത്ത് സുന്ദരമായൊരു സൂര്യ കുങ്കമപൊട്ട്. അവൾ സുന്ദരിയായി നിൽക്കുന്നു. ഞാൻ പെട്ടെന്ന് അച്ഛനെ വിളിച്ചാ ദൃശ്യം കാണിച്ചു. അപ്പോൾ മുൻവശത്തെ സീറ്റിലിരുന്ന വ്യക്തി എന്നോട് പറഞ്ഞു ഈ അനുഭവങ്ങൾ എഴുതി വെയ്ക്കണം. അച്ഛനോട് പറഞ്ഞൊരു ബുക്കൊക്കെ വാങ്ങണം. കോഴിക്കോട്ടെ എസ്. കെ. യെ പോലെ ഒരു യാത്രാ വിവരണം ഒക്കെ എഴുതണമെന്ന്. അവിടെ അദ്ദേഹം അച്ഛൻ എന്ന് സൂചിപ്പിച്ച പദം എന്നെ അതിശയിപ്പിക്കുന്ന ഒന്നായിരുന്നു. പെട്ടെന്നെന്റെ പിതാവിന്റെ ഫോൺ അടിച്ചു. ഞാനെടുത്തു കാരണം എന്റെ അമ്മയായിരുന്നു. ഞാൻ എന്താണ് ഉമ്മാ! എന്ന് ചോദിച്ചത് അയാളെയും അത്ഭുതപ്പെടുത്തി. അയാൾ എന്നോട് ചോദിച്ചു ഏതാണ് മതം . ഞാനൊരു നിമിഷം ആലോചിച്ച് പറഞ്ഞു മുസ്ലീം എന്ന്. അദ്ദേഹം ചിരിച്ചു. അദ്ദേഹം വിചാരിക്കണം ഞാൻ ഹിന്ദു ആണെന്ന്. കാരണം ഞാൻ തലയിൽ തട്ടമിട്ടില്ലായിരുന്നു. ഒരേ മതക്കാരുടെ സിമ്പലുകൾ മനസ്സിലാക്കിയാണ് മതം ചോദിക്കാതിരിക്കുന്നത് എന്നെനിക്ക് മനസ്സിലായി. അന്ന് രാത്രി ഞാൻ വീട്ടിൽ ചെന്ന് ആലോചിച്ചു എന്തിന് എന്തിനാണ് അദ്ദേഹം മതം ചോദിച്ചത് മതം അറിയാനുള്ള കൗതുകം മനുഷ്യനിൽ ഇപ്പോഴും നിലനിൽക്കുന്നു. മതം മനുഷ്യനെ മയക്കുന്ന ഒന്നാണ്. എന്ന് കാൾ മാക്സ് പറഞ്ഞത് ഞാനോർത്തു. ഇപ്പോഴും നാം മനസ്സിലാക്കാതെ പോയ ഒരു കാര്യം ശ്രീനാരായണ ഗുരു നമ്മളോട് പറഞ്ഞ മതമേതായാലും മനുഷ്യൻ നന്നായാൽ മതി എന്ന വാചകമാണ്. സംശയമെന്ത്. ശ്രീ നാരായണ ഗുരുവിനുവോട് ട്രയിനിൽ ചോദിച്ച അതേ അനുഭവം എനിക്കുമുണ്ടായി.

എന്തായാലും നാം ഒന്നാണ്... ഒന്നാണ് ...

# ക്ലാസ് മുറിയിലെ നനഞ്ഞ അനുഭവം



റിഷിക ഷെറിൻ.പി

10th E

ജനലിലൂടെ മഴത്തുള്ളികൾ നന്നായി മുഖത്തേക്ക് വീഴുന്നുണ്ടായിരുന്നു. മഴയിലെ കുളിര് എനിയ്ക്ക് ഒരു വിനോദമായതു കൊണ്ട് ഞാൻ ഒന്നുകൂടി തല വെളിയിലേയ്ക്ക് ഇട്ടു നോക്കാനായ് തുനിഞ്ഞു. "സൈലൻസ്..... ഗുഡ് ഈവനിങ്....." ക്ലാസ്സിൽ ടീച്ചർ വന്നത് ഞാനറിഞ്ഞില്ല. ഉറക്കം വന്നതു പോലെ ക്ഷീണം കാരണം പാതി അടഞ്ഞ എന്റെ മിഴികൾ മഴയെ തന്നെ തുടർന്നു. ടീച്ചർ ക്ലാസ്സിൽ ഉണ്ടെന്ന് അനുഭവം എനിക്കില്ലായിരുന്നു. ആ നിമിഷം എന്റെ മനസ് മഴയുടെ ഇന്ദ്രജാലത്തിൽ മുഴങ്ങിയിരിക്കുകയായിരുന്നു.

"യൂ സ്റ്റാന്റ് അപ്പ്"

ഞാൻ ഞെട്ടി ഉണർന്നു. മറ്റൊരു ലോകത്തായിരുന്ന ഞാൻ മറ്റൊരു ലോകത്തെത്തി. ഉള്ളിലൊരു ഞെട്ടലോടെ എഴുന്നേറ്റു നിന്നു.

നീ ഇവിടെ ശ്രദ്ധിക്കുന്നില്ലേ എന്ന ഒരു ചോദ്യം ഞാൻ പ്രതീക്ഷിച്ചു. എന്നാൽ തികച്ചും വ്യത്യസ്തമായ ഒരു ചോദ്യം ടീച്ചർ എന്നോട് ചോദിച്ചു .

"എത്ര മഴത്തുള്ളികൾ നീ കണ്ടു?".

ക്ലാസ്സിൽ എല്ലാവർക്കും ഒരു തമാശ പോലെ ചിരിയും ആഹ്ലാദവും. നിശബ്ദയായ എന്നെ നോക്കി ഇരിക്കാൻ ടീച്ചർ ആവശ്യപ്പെട്ടു. എങ്കിൽ പോലും തിരികെ വരാനായ് എന്റെ മനസ്സ് അനുവദിച്ചില്ല. എന്നാൽ മഴയെ ആസ്വദിക്കാനും പോയില്ല. എന്റെ മനസ്സിൽ ടീച്ചർ ചോദിച്ച ആ ചോദ്യമായിരുന്നു. എത്ര മഴതുള്ളികൾ ഞാൻ കണ്ടു?...





# പക

ഫാത്തിമ റിയ

**10th I**

മനസ്സിൽ ആളിക്കത്തുന്ന പക.
പ്രകടിപ്പിക്കാൻ പറ്റാത്ത പക്ഷം
അത് സ്വയം കുറ്റപ്പെടുത്തലുകളായ്...
കുറ്റബോധങ്ങളായ്...
എൻ മിഴിയിലൂടെ ഒഴുകുമ്പോൾ...
അത് വെറും കണ്ണീരല്ല.
എൻ വെറുപ്പാണ് ഈ നശിച്ച
'ജീവിതത്തോട് .'

# HER LIFE,,

Fathima Hanna.T

9th F

*The life is hers...*
*But the decision is others.*
*She want to study,*
*But her parents is bloody.*

*To make a fresh beginning,*
*She started to winning*
*She know they never loved*
*Then her mind become crowd.*

*She want enjoy....*
*Let her to go....*



# അയ്യപ്പൻ പൂമ്പാറ്റ



ശീതൾ.ആർ.കെ

9th F

അമ്മയുടെ വിളി കേട്ടാണ് മണിക്കുട്ടൻ ഉണർന്നത്. അവൻ കണ്ണ് തിരുമ്മി നോക്കുമ്പോഴേയ്ക്കും അമ്മ നടന്നിരുന്നു. ഒരു ശബ്ദം കേട്ടപ്പോൾ അടുക്കളയിൽ നിന്ന് പെണ്ണുങ്ങളും പാത്രങ്ങളും മത്സരിക്കുകയാണെന്ന് അവന് തോന്നി. അപ്പോഴാണ് ചുമരലിലെ അയ്യപ്പൻ പൂമ്പാറ്റയിൽ അവന്റെ കണ്ണുടക്കിയത് . മുത്തശ്ശി പറഞ്ഞു കേട്ടതാണ് കറുപ്പ് നിറം മൊത്തത്തിൽ വരുന്ന പൂമ്പാറ്റ അയ്യപ്പൻ പൂമ്പാറ്റയാണെന്ന്. അങ്ങനെയാണെങ്കിൽ മാല കാണുകയില്ലേ? മണിക്കുട്ടന് ഒരുസംശയം തോന്നി. അമ്മയോട് ചോദിക്കണം. അമ്മ ഗൂഗിളിൽ നോക്കി കണ്ടു പിടിച്ചു തരാമെന്നാണു പറഞ്ഞത്. സാധാരണ അമ്മ പിന്നേയും അവനെ വിളിക്കാൻ മുറിയിൽ വരേണ്ടതാണ്. ഇന്ന് അമ്മ വരേണ്ട ആവശ്യം വന്നില്ല . അതിനെ സ്വന്തമാക്കാനുള്ള ആഗ്രഹം കൊണ്ടോ അതിനോടുള്ള കൗതുകം കൊണ്ടോ അവൻ അതിനെ പിടിക്കാൻ എഴുന്നേറ്റു . അത് ജനലിലൂടെ പാറിപ്പോയി. എത്രയും പെട്ടെന്ന് മണിക്കുട്ടൻ അടുക്കളയിൽ എത്തി. എന്നിട്ട് അമ്മയോട് അയ്യപ്പൻ പൂമ്പാറ്റയെക്കുറിച്ച് വാചാലനായി. അമ്മ പണി തിരക്കുകളുടെ ഇടയിൽ തന്നെ ശ്രദ്ധിക്കുന്നില്ല എന്ന് മനസ്സിലായ അവൻ മുറ്റത്തേക്കിറങ്ങി രാവിലത്തെ തിരക്ക് കഴിഞ്ഞ അമ്മ അവനെ കുളിപ്പിക്കുമ്പോഴും അവന്റെ മനസ്സിൽ ആ പൂമ്പാറ്റയായിരുന്നു. രാവിലെ പത്രം വായിക്കുന്ന

അച്ഛനോട് ചോദിച്ചു . അച്ഛൻ പത്രം വേഗം വായിച്ചതിനു ശേഷം പുറത്ത് പോകാനുള്ള തിരക്കിലായിരുന്നു. അതിനാൽ അവന്റെ ചോദ്യത്തിനുള്ള ഉത്തരംഅച്ഛൻ ഒരു മൂളലിൽ ഒതുക്കി. അങ്ങനെ അവന് എന്ത് ചെയ്യുമ്പോഴും ആ പൂമ്പാറ്റയുടെ ചിന്ത . ആഴ്ച അവസാനം അവൻ വാശി പിടിച്ച് അമ്മ അവനെ മുത്തശ്ശിയുടെ വീട്ടിൽ കൊണ്ടു പോയാക്കി. മുത്തശ്ശിയെ കണ്ട ഉടനെ അവൻ മുത്തശ്ശിയോട് ചോദിച്ചു പൂമ്പാറ്റക്ക് മാല ഉണ്ടാകുമോ എന്ന്. അതിന്റെ ചെറിയ തവിട്ടു നിറത്തിലുള്ള കുത്താണ് മാല എന്ന് മുത്തശ്ശി പറഞ്ഞു... പിന്നെ ആ പൂമ്പാറ്റയെ ഒന്ന് കാണാൻ അവൻ കാത്തിരുന്നു .



# MOTHER'S LOVE

*Oh mother you the beam of light*
*Which swipe the darkness of my life*
*You the teacher who thought me deep to scarify*
*You the first doctor of mine*
*Who treated me !*
*Oh mother you the face of love*
*To queen the heart of love*
*Hey mother my crime partner*
*To be funnier than ever*
*Oh mother i missed you*
*When i felt the waves*
*Being a mother .*



# PICTURE







# PICTURE





# ഒരുമയുടെ വിജയം

**കീർത്തന**

8th H

കർഷകരുടെ ആത്മഹത്യകൾ പെരുകി കൊണ്ടിരിക്കുന്ന ഒരു ലോകത്താണ് നമ്മൾ ജീവിക്കുന്നത്. ഒരു കർഷക ഗ്രാമം, കൊച്ചു കൊച്ചു വീടുകളും, വയലുകളും, മരങ്ങളുമെല്ലാം നിറഞ്ഞിരിക്കുന്ന ഒരു ഗ്രാമം. അവിടെയുള്ള കർഷകർ എല്ലാവരും നന്മയുള്ള ആളുകളാണ്. അവർ നല്ല ഒത്തൊരുമയോടു കൂടിയാണ് ജോലി ചെയ്തിരുന്നത്.

ആ സന്തോഷ നിമിഷങ്ങൾ കടന്നു പോവുന്നതിനിടെയാണ് പെട്ടെന്ന് കുറച്ചു പേർ, അവർ ഇതു വരെ കണ്ടിട്ടില്ലാത്ത കുറച്ച് പേർ വന്ന് അവിടെയുള്ള ഓരോ കർഷക വീടുകളിലും കയറി ഒരു നോട്ടീസ് കൊടുത്തത്. അവർ അത് അവരുടെ വിദ്യാഭ്യാസമുള്ള മക്കളെ കൊണ്ട് വായിപ്പിക്കുകയും കാര്യം മനസ്സിലാക്കുകയും ചെയ്തു. ആ നോട്ടീസ് മനസ്സിലാക്കിയ അവർ ചങ്കുപൊട്ടിക്കുന്ന തരത്തിലുള്ള നെടുവീർപ്പിട്ടു. ആ നോട്ടീസിനകത്ത് ഒരാഴ്ചക്കകം അവർ ആ വീടും പരിസരവും വിട്ട് ഒഴിഞ്ഞ് കൊടുക്കണമെന്നായിരുന്നു. ആ സ്ഥലത്ത് ഒരു വലിയ മുതലാളിയുടെ ഫ്ലാറ്റ് വരാൻ പോവുകയാണ്. അയാൾ വിദേശത്തുനിന്നും ഒരാഴ്ചക്കകം വരും. അതിന് മുമ്പ് സ്ഥലം ഒഴിഞ്ഞ് കൊടുക്കണം ഇതായിരുന്നു നിർദ്ദേശം. അവർക്ക് കോളേജുകളിലും മറ്റും പഠിക്കുന്ന മക്കളാണുള്ളത്. അതിനാൽ അവരുടെ പഠനം പൂർത്തിയാകുന്നത് വരെ സമയം തരണമെന്ന് ആ കർഷക ഗ്രാമം അവരോട് ആവശ്യപ്പെട്ടു. പക്ഷേ ഇല്ലെന്നവർ ഉറപ്പിച്ചു പറഞ്ഞു. മാറില്ലെന്ന് ഗ്രാമവും. ഞങ്ങൾക്ക്

വേറെ താമസ സൗകര്യവും ഭക്ഷണവും ജോലിയുമൊക്കെ ഏർപ്പെടുത്തിയാൽ പോകാം എന്ന് അവർ പറഞ്ഞു. എന്നാൽ ഒന്നും തരില്ലെന്നും ഇവിടെ നിന്നും മാറിയില്ലെങ്കിൽ ബാങ്കിൽ നിന്നും ലോണെടുത്ത പണം തിരികെ തരാത്തതിനാൽ വീട് ജപ്തി ചെയ്യുമെന്നും അവർ ഭീഷണിപ്പെടുത്തുകയുണ്ടായി. പാവം കർഷകർക്ക് അവരോട് മത്സരിക്കാനുള്ള ധൈര്യവുമില്ലായിരുന്നു.

അങ്ങനെ വിഷമിച്ചിരിക്കുമ്പോഴാണ് ആരോ വാതിലിൽ മുട്ടുന്നത്. വാതിൽ തുറന്നപ്പോൾ അതൊരു സംഘം തീവ്രവാദികളായിരുന്നു. കണ്ണുകൾ മാത്രം കാണുന്ന വിധം മുഖം മൂടിയിരിക്കുന്നു. കയ്യിലാണെങ്കിൽ തോക്കും. അവർ പറഞ്ഞു: നിങ്ങൾ വിഷമിക്കേണ്ട. ഞങ്ങൾക്കാവശ്യം നിങ്ങളെയല്ല, അയാളെയാണ്. കർഷകർ ഭയത്തോടെ ചോദിച്ചു; ആരെ? നിങ്ങളെ ഇവിടെ നിന്നും ഒഴിപ്പിക്കാൻ അവർക്ക് കഴിയില്ല. ഞങ്ങളുണ്ട് നിങ്ങളുടെ കൂടെ. അയാൾക്ക് ഒന്നും വിട്ടു കൊടുക്കരുത്. നിങ്ങളാരാണ്? അവർ പേടിയോടെ ചോദിച്ചു. പേടിക്കണ്ട ഞങ്ങൾ തീവ്രവാദികളൊന്നുമല്ല. നിങ്ങളെ പോലെയുള്ള സാധാരണ മനുഷ്യരാണ്. ഞങ്ങളുടെ വീടുകളും ഇതു പോലെ നഷ്ടപ്പെട്ടതാണ്. നിങ്ങൾ ഞങ്ങളുടെ കൂടെ നിന്നാൽ നിങ്ങളുടെ മണ്ണ് തിരികെ കിട്ടും ഞങ്ങൾക്ക് ആവശ്യമുള്ളതും കിട്ടും.

ആ തീവ്രവാദികളെ അവർ അഥിതികളെ പോലെ സ്വീകരിച്ചു. താമസ സൗകര്യം ഏർപ്പെടുത്തി. അവർ ഒരു കാര്യവും കൂടെ കർഷകരോട് ആവശ്യപ്പെട്ടു. കർഷകരുടെ കൂടെയുള്ള കുറച്ച് പേരും കൂടെ ഇതു പോലെയുള്ള വസ്ത്രം ധരിക്കണമെന്ന്. എങ്കിലേ ആളുകളുടെ എണ്ണം കണ്ട് അവർ ഭയക്കുമെന്നും. അവർ സമ്മതിച്ചു. കൊടുത്ത സമയം തീരാൻ ഇനി രണ്ടു ദിവസങ്ങൾ മാത്രം. കഴിഞ്ഞു പോയ ദിവസങ്ങളിൽ അവർ കർഷക കുടുംബങ്ങൾക്ക് പരിശീലനങ്ങൾ നൽകി. അവർ കാത്തിരുന്ന ദിവസമെത്തി. എന്തും നേരിടാനുള്ള കരുത്തോടെ കാത്തിരുന്നു.

ഉച്ചയായപ്പോൾ ഉദ്യോഗസ്ഥൻ കർഷകന്റെ വീട്ടിലെത്തുകയും അവിടെയുള്ള സാധനങ്ങളെല്ലാം വലിച്ചെറിയുകയും ചെയ്തു. കർഷകൻ ഒന്നും മിണ്ടിയില്ല. പെട്ടെന്ന് ഉദ്യോഗസ്ഥന്റെ തലയിൽ തോക്ക് കണ്ട് അയാൾ പേടിച്ചു പോയി. എന്നിട്ട് അവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ട് പോവുകയും ചെയ്തു.....

# മദ്യവിപത്ത്

തൃഷ്ണ അജയ്.എ

8th B

ഒരിക്കൽ ഒരിടത്ത് ഒരു കുടുംബം താമസിച്ചിരുന്നു. അച്ഛനും അമ്മയും മകനും അടങ്ങുന്ന ഒരു കൊച്ചു കുടുംബം.വലിയ സമ്പന്നരൊന്നുമല്ലാതിരുന്നിട്ടും ഉള്ളതു കൊണ്ട് സന്തോഷിക്കുന്ന ഒരു സന്തുഷ്ട കുടുംബം.അവർ അങ്ങനെ ജീവിച്ചു പോന്നു. വല്ലപ്പോഴും കൂട്ടുകാരോടൊത്ത് ചേരുമ്പോഴും വല്ലാത്ത മനപ്രയാസമുള്ളപ്പോഴും മാത്രം അച്ഛൻ മദ്യപിച്ചിരുന്നു. പതിയെ പതിയെ അത് വർദ്ധിച്ചുവരുന്നത് ആ പാവങ്ങൾ അറിഞ്ഞിരുന്നില്ല....... പതിയെ പതിയെ അത് നിത്യശീലമായി.വീട്ടിൽ മദ്യപിച്ചുവരുന്ന അച്ഛൻ അമ്മയെ ഉപദ്രവിക്കുന്നതും അമ്മ കരയുന്നതും നിത്യസംഭവമായി. അച്ഛന്റെ ഉപദ്രവങ്ങളിൽനിന്ന് അമ്മ മകനെ ഒഴിവാക്കാൻ ശ്രദ്ധിച്ചു. കൂലികിട്ടുന്ന തുക മുഴുവനും അച്ഛൻ കളഞ്ഞുകുടിച്ച് വരുമ്പോൾ വീട്ടിൽ ഒന്നും ഉണ്ടാവുകയില്ല. മകനെ പട്ടിണിക്കിടാൻ മനസ്സുവരാതെ ആ അമ്മ വീട്ടുജോലിയ്ക്ക് പോയി. പിന്നെ പിന്നെ അച്ഛൻ മദ്യപിക്കാനുള്ള കാശ് അമ്മയോട് വാങ്ങാൻ തുടങ്ങി. ഒരിക്കൽ മകൻ സ്കൂൾ വിട്ട് വരുമ്പോൾ കണ്ടത് അമ്മയെ മദ്യലഹരിയിൽ കുത്തിമലർത്തി ഇരിക്കുന്ന അച്ഛനെയാണ്. ആ പിഞ്ചുമനസ്സ് ഒരു നിമിഷത്തേയ്ക്ക് നിലച്ചുപോയി. ചോര ഒഴുകുന്ന അമ്മയെ നോക്കി അവൻ കരഞ്ഞില്ല. ഇത്ര ചെറുപ്പത്തിലെ അമ്മയുടെ ചിതയ്ക്ക് തീ കൊളുത്തേണ്ടിവന്ന ആ പിഞ്ചു

ബാലന്റെ കണ്ണിൽ നിന്ന് കണ്ണീർപൊഴിഞ്ഞില്ല.......... അച്ഛന്റെ മുന്നിൽ അവൻ പ്രത്യക്ഷപ്പെട്ടില്ല.അവൻ ഇന്ന് അമ്മയുടെ അകന്ന ബന്ധുവിന്റെ വീട്ടിലാണ്. അവൻ അച്ഛനെ ജയിലിൽ ചെന്ന് കാണുക പോലും ചെയ്തില്ല. അങ്ങനെ അച്ഛൻ ജയിലിൽനിന്ന് ഇറങ്ങി. അവൻ അച്ഛനെ കാണാൻ മടിച്ചു. അച്ഛൻ അവനോട് കണ്ണീരോടെ മാപ്പ് പറഞ്ഞു. എന്നിട്ട് എന്താ എന്റെ മോന് വേണ്ടത് എന്ന് ചോദിച്ചു.ഒരു നിമിഷം അവന് ശബ്ദമില്ല. പിന്നെ അവൻ ചോദിച്ചു....നിങ്ങൾക്ക് എന്റെ അമ്മയെ തിരിച്ചു തരാൻ പറ്റുമോ?........പോട്ടെ ..... അത് കഴിഞ്ഞുള്ള നാളുകൾ തിരിച്ച് തരാൻ പറ്റുമോ..... ആ മുടിഞ്ഞ കുടിയിലൂടെ നിങ്ങൾ എന്തു നേടി.... കണ്ണീരല്ലാതെ...... മകന്റെ ആ ചോദ്യത്തിന് മുന്നിൽ അച്ഛൻ പകച്ചു നിന്നു.

# MY MOM

*I have a Mom*
*I have a Mom of happiness*
*I have a loving Mom*
*I have a caring Mom*
*I have a beauty Mom*

*She was lucky*
*She was beauty*
*I was a lucky child*



# COOL OR PAIN

NUHA FIROZ.AK
9th E

*If I can stop one heart,*
*From breaking*
*I shall not live in vain;*
*If I can ease of life,*
*That aching,*
*Or cool one pain*
*Or help one fainting robin*
*Unto his nest again,*
*I shall not live in vain.*

# പ്രളയത്തിലേക്ക്.....



അമീഖ തസ്ലീൻ. വി

9th G

മനോഹരമായ ഭൂപ്രകൃതി. സുഖകരമായ കാലാവസ്ഥ. സമാധാനപരമായ ജീവിതാന്തരീക്ഷം. ഇതെല്ലാം ഒത്തിണങ്ങിയ ദൈവത്തിന്റെ സ്വന്തം നാടായിരുന്ന കേരളം. മറ്റു പല രാജ്യങ്ങളിൽ നിന്നും ഇന്ത്യയിലെ തന്നെ മറ്റു സംസ്ഥാനങ്ങളിൽ നിന്നും ഭീകരമായ പ്രകൃതി ദുരന്തങ്ങളുടെ വാർത്ത വരുമ്പോൾ അതിൽ നിന്നെല്ലാം അന്യമായ പ്രദേശമാണ് കേരളമെന്ന് നാം അഹങ്കരിച്ചിരുന്നു. എന്നാൽ ഇന്ന് കഥയെല്ലാം മാറി. മനുഷ്യരുടെ അവിവേകപൂർണവും ആർത്തിനിറഞ്ഞതുമായ പ്രവൃത്തികൾ മൂലം കേട്ടറിവു മാത്രമായിരുന്ന ആ ദുരന്തങ്ങളെ നമ്മുടെ പടിവാതിൽക്കൽ എത്തിച്ചിരിക്കുന്നു. ഈ അവസ്ഥയിൽ നിന്നും സംരക്ഷിതമായ നാളയെ നാം തിരിച്ചുപിടിക്കേണ്ടതായുണ്ട്. ഇതിനായി നമുക്ക് എല്ലാവർക്കും ഒരുമിച്ച് പ്രയത്നിക്കാം......

# ദയയുള്ളവൾ ദയ




അമേയ.വി

8th D

അന്ന് ദയയുടെ ജിവിതത്തിലെ നിർണ്ണായക ദിനമായിരുന്നു. അവളുടെ സ്കൂളിലെ ഒരു പ്രധാന മത്സരമായിരുന്നു നീന്തൽ. ഒരു വർഷത്തെ കാത്തിരിപ്പിനു ശേഷം അവൾക്കുമുന്നിൽ വന്നെത്തി. അതിനെക്കാൾ അവളെ സന്തോഷപ്പെടുത്തിയത് തന്റെ ജനനത്തോടെ ശരീരമാസകലം തളർന്നു പോയ അവളുടെ അമ്മ തന്റെ ദീനം മാറി മകളുടെ പരിപാടി കാണാനാദ്യമായി സ്കൂളിലേക്ക് വന്നു. ഇതിന്റെയൊക്കെ സന്തോഷത്തിൽ തുള്ളിച്ചാടി നടക്കുന്ന ദയയെ പ്രധാനാധ്യാപകൻ വിളിച്ചു: ദയ ഇവിടെ വരൂ.....

അവൾ പ്രധാനാധ്യാപകന്റെ അരികിൽ ചെന്നു. അദ്ദേഹം പറഞ്ഞു സ്റ്റാഫ് റൂമിൽ ചെന്ന് മത്സരാർത്ഥികളോട് സ്റ്റേഡിയത്തിലേക്ക് വരാൻ അനൗൺസ് ചെയ്യു. അവൾ അത് കേട്ടതിന്റെ സന്തോഷത്തിലും മത്സരം തുടങ്ങാനായി എന്ന സന്തോഷത്തിലും ആകാംഷയിലും സ്റ്റാഫ് റൂമിൽ ചെന്നു.സ്റ്റാഫ് റൂമിന്റെ വാതിൽക്കൽ ചെന്നപ്പോഴാണ് അവൾ മനസ്സിനെ കീറിമുറിക്കുന്ന കാര്യം അവൾ ഓർത്തത്. അവൾ ഒരുമയാണെന്ന്. പെട്ടെന്നവൾ ഒരു ശബ്ദം കേട്ടു ദയ നീ സ്റ്റേഡിയത്തിലേക്ക് ചെല്ല്... ഞാൻ അനൗൺസ് ചെയ്യാം. തിരിഞ്ഞു നോക്കിയപ്പോൾ അവൾ കണ്ടത് അവളുടെ അമ്മയെയാണ്. അവൾക്ക് സങ്കടമില്ലെന്ന് ബോധ്യപ്പെടുത്താനായി തന്റെ നിറഞ്ഞ കണ്ണുകൾ

തുടച്ചവൾ പുഞ്ചിരിച്ചു. ശേഷം മെല്ലെ നടന്നകന്നു. അവളുടെ സ്റ്റാഫ് റൂമിലേക്ക് കടന്നു. അവിടെ ഇരിക്കുന്നവരോട് കാര്യം പറഞ്ഞു അനൗൺസ് ചെയ്യണം ആരും അവരെ ശ്രദ്ധിച്ചതു പോലുമില്ല. അവിടെയുള്ള സാധനത്തിൽ മൈക്ക് എന്തെന്ന് അവർക്ക് അറിയുമായിരുന്നില്ല. കുറെ കാലം കിടപ്പിലായിരുന്നല്ലോ അവിടെ മുന്നിൽ കണ്ടത് ടെലിഫോൺ ആയിരുന്നു. അത് മൈക്കാണെന്ന് തെറ്റിദ്ധരിച്ച് അവർ അതെടുത്തു പറഞ്ഞു മത്സരാർത്ഥികൾ സ്റ്റേഡിയത്തിൽ എത്തേണ്ടത് . അവിടെയുള്ള എല്ലാവരും പൊട്ടിച്ചിരിച്ചു അത് കണ്ടില്ലെന്ന മട്ടിൽ അവർ പുറത്തേക്കിറങ്ങി. മത്സരം ആരംഭിച്ചു. ദയയടക്കം ആറു പേരാണ് മത്സരത്തിൽ ഫൈനലിൽ എത്തിയത്. ഫൈനൽ ആരംഭിച്ചു ആറിൽ നാലുപേർ പകുതി വെച്ചു പിൻമാറി . പിന്നെ ദയയും അനുവും തമ്മിലായി മത്സരം. രണ്ടുപേരും ഒരേ വേഗതയിൽ. പെട്ടെന്ന് എന്തോ കാരണത്താൽ അനു വെള്ളത്തിൽ മുങ്ങിപ്പോയി. ഇതു ശ്രദ്ധയിൽപ്പെട്ട ദയ തന്റെ ആഗ്രഹം പോലും മറന്ന് അനുവിനെ രക്ഷിച്ചു.



# FAMILY RIDDLE

HAIFA SHERIN

IX. G

1:Almost everyone needs it,asks for it ,gives it, what is it?

Ans: Advise

2:what always comes into a house through the key hole?

Ans:A key

3:What belongs to you, but it used more by others?

Ans:Your name

4:What gets wet when drying?

Ans: A towelZ

# ALPHABETICAL RIDDLES



HAIFA SHERIN
IX. G

1:Which letter wears spectacles?
Ans: I [eye]

2:Which letter ask questions?
Ans:Y [Why]

3:Which letter is full of water?
Ans:C [Sea]

4:Which letter is a drink?
Ans:T [Tea]


5:Which letter is a insect?
Ans:B [Bee]

6:Which letter is a pronoun?
Ans:U [You]

7:Which letter is a Vegetables?
Ans:P [Pea]

# I REMEMBER

HAIFA SHERIN
IX. G



I Remember
I was thinking about you
for a very long time

And now
I cant even remember
how that felt for me
then,

I think I've finally found
the peace
I've been searching for
all this time

# FRIENDSHIP

FATHIMA DILSHA
9th G


FRIENDSHIP:IS not crying,but laughing
FRIENDSHIP:IS not expecting,but accepting
FRIENDSHIP:IS not dividing,but sharing
FRIENDSHIP:IS not cheating,but trusting
FRIENDSHIP:IS not excusing,but helping
FRIENDSHIP:IS not leaving,but holding
FRIENDSHIP:IS not losing,but finding
FRIENDSHIP:IS not betraying, but loving
FRIENDSHIP:IS not hoping,but wishing
FRIENDSHIP:IS not dying,but living

# PICTURE

NAVYA.K

8th G







# കുഞ്ഞുപക്ഷി

അഫ്ര.കെ എം

5th E

കുഞ്ഞു കുഞ്ഞു പക്ഷി
മെല്ലെ മെല്ലെ പറഞ്ഞു
ഞാനും പറക്കുമെന്ന്...
ഹാ ഞാനും പറക്കുമെന്ന്...

അമ്മ പക്ഷി പറഞ്ഞു
വേണ്ട വേണ്ട കുഞ്ഞേ...
പറന്നീടല്ലേ മെല്ലെ
ആപത്തിങ്ങു വന്നിടും.

കറുകറുത്ത പക്ഷി
പറപറന്ന് വന്നു.
വെള്ളവെളുത്ത ചോറ്
ചറപറാന്ന് തിന്നു.



# TIME MANAGEMENT

SNEHA

Time Management is the process of organizing and planing how to divide your time between specific activities. Good time management enables you to work smarter-not harder. So that you get more done in less time is tight and pressures are high failing to manage your time damages your effectiveness and causes streets.


One of the most effective skills you can have in life is powerful and effective time management. If you are managing your time well you can easily reach your goals .So every day let us our time achieve your goals.

# ബാല്യകാലം

വീട്ടുമുറ്റത്തെ മാവിൻചുവട്ടിൽ മാങ്ങകൾ തുരുതുരെ വീണപ്പോൾ അദ്ദേഹത്തിന്റെ ബാല്യകാലം അദ്ദേഹത്തിന് ഓർമവന്നു. എന്തുകൊണ്ടോ എന്നറിയില്ല. പെട്ടെന്ന് ആ സുന്ദരമായ ബാല്യകാലം അദ്ദേഹത്തിന്റെ ഓർമ്മയിൽ തട്ടി. ഓർമ്മയുടെ ആഴത്തിലേയ്ക്ക് ഇറങ്ങിയതും അദ്ദേഹത്തിനെ ഒരു തണുത്ത കാറ്റ് തഴുകി. ആ കാലത്ത് മാങ്ങക്കാലമായാൽ ഒരോട്ടമാണ്. പറമ്പിലെ മാങ്ങകൾ കല്ലു കൊണ്ട് ഉന്നം വെച്ചതും ആ മാങ്ങ സ്കൂളിലേക്ക് ക്കൊണ്ടുപോയി പങ്കുവെച്ചതും അദ്ദേഹത്തിന് ഓർമ്മ വന്നു. എല്ലാ കുട്ടികൾക്കുമൊപ്പം വയലിലേക്കു പോയതും പല കളികൾ കളിച്ചതും. അച്ഛൻ ഞങ്ങളെ പത്തായപ്പുരയിലേക്ക് കയറാൻ സമ്മതിക്കില്ല. ഒരു ദിവസം ഞങ്ങൾ കുട്ടികൾ പത്തായപ്പുരയിലേയ്ക്ക് കയറി. ഒരു മരപാളി തുറന്നാൽ നിറയെ നെല്ലാണ്. ഞങ്ങളുടെ ശബ്ദം കേട്ട് അച്ഛൻ വന്നു.... എന്താണിവിടെ?... ഞങ്ങളുടെ കാൽ വിറച്ചു. അന്ന് അച്ഛന്റെ കയ്യിൽ നിന്ന് നല്ല തല്ല് കിട്ടി.

ബാല്യകാലത്ത് മറക്കാൻ കഴിയാത്ത ഒരനുഭവമാണ് ഓണക്കാലം. അന്ന് നേരത്തെ എഴുന്നേൽക്കാൻ അമ്മ പറയും. അനിയത്തിമാരും കൂട്ടുകാരും എല്ലാവരുമുണ്ടാകും പൂക്കൾ ശേഖരിക്കാൻ. വീട്ടിലെത്തുമ്പോഴേയ്ക്കും എല്ലാവരുടെയും ചെറിയ ചെറിയ കൊട്ടകളിൽ പല പൂക്കളാൽ നിറഞ്ഞിരിക്കും. അന്ന് വലിയ ചേട്ടൻമാരുടെയും ചേച്ചിമാരുടെയും നിർദ്ദേശപ്രകാരം ആ പൂക്കളം തയ്യാറാക്കിയാൽ ഞങ്ങൾ എല്ലാവരും ഊഞ്ഞാലാടി കളിക്കും. കൂടാതെ ഓണസദ്യയും

കഴിക്കും. എല്ലാം കഴിച്ച കഴിയുമ്പോൾ പാലട പായസവും. ഇന്ന് ആ ഓർമ്മകളിലേക്ക് പോകുമ്പോൾ സങ്കടമാണ്. പണ്ടത്തെ പോലെയല്ല ഇന്നത്തെ ഓണം മക്കളാണെങ്കിൽ പൂവിടാൻ പോലും വരില്ല. പൂക്കളെല്ലാം വാങ്ങുകയാണ്. ഇന്ന് സദ്യയാണെങ്കിൽ ഓർഡർ ചെയ്യാനേ പറ്റൂ... കാലം പോയപോക്കേ... അദ്ദേഹം ഓർമ്മകളിലേക്ക് വഴുതി.....



# Not Require Emotions In Our Life

Fathima Najla.K
9th G

We want to create
Our life by successing our needs
Because their we having happiness and joy
Just think our sad is creating
From falling our success
Don't be sad when falling our success
Be confident and smart to success our needs
Be vote that the success key is
In our hands
Keep it carefully and use it
Love Our Life And Need Our Success

# SCHOOL LIFE

AMINA ALA.N
9th G

"School life is the best life."
It all about learning something
innovation phrase says that life.
School gives us better education
Joyful experience, careless about
everything. It is the essential part
of human life. It is the freedom
from the care and great happiness
for the students.

# ആഗസ്റ്റിന്റെ കയ്യൊപ്പ്



നിരഞ്ജന.ബി.എം


9TH C

കേര നിരകളാടുന്ന കേരളത്തിലേയ്ക്ക് ചിന്നിച്ചാറി കാലവർഷം പതിവുതെറ്റിക്കാതെ അന്നും എത്തി. പതിവായി ചിന്നിച്ചാറുന്ന മഴ. പതിവായി കൂട്ടിനെത്തുന്ന ഇടിയുടെ സ്വരമേളം. പതിവായി മാനത്ത് വെള്ളിനൂൽ വിതറി മിന്നൽ. പക്ഷേ പതിവില്ലാത്ത ക്രോധം പൂണ്ട പതിയെ മഴ ശക്തയായി. കണ്ണിമവെട്ടാൻ നേരമില്ലാതെ പ്രകൃതി ഉരുൾപൊട്ടലിന്റേയും, കുത്തൊഴുക്കിന്റേയും, പേമാരിയുടേയും രൂപത്തിൽ സംഹാരതാണ്ഡവം ആരംഭിച്ചു. ഒടുവിൽ മഹാപ്രളയം പിന്നീടൊരു നെട്ടോട്ടമായിരുന്നു. പൊലിഞ്ഞ ജീവന്റെ കണക്കു തേടാതെ പൊലിയാതിരിക്കട്ടെ ഒരു ജീവനും എന്നുറപ്പിച്ച് ജാതി-മത-വർഗ-ലിംഗഭേദമില്ലാതെ ഏവരും ഒത്തൊരുമിച്ചു പോരാടി. ഉറ്റവരെയും ഉടയവരെയും പാർപ്പിടവും നഷ്ടപ്പെട്ടവർക്കായി നാടെങ്ങും ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നു.

ഈ മഹാദുരന്തം നമുക്കൊരു പാഠപുസ്തകമായിരുന്നു. അതിൽ പ്രധാന പാഠമായിരുന്നു ആരെയും വിലകുറച്ചു കാണരുതെന്നത്. സമൂഹത്തിൽ നിന്നും നാം മാറ്റിനിർത്തിയ മത്സ്യത്തൊഴിലാളികളുടെ കാരുണ്യ ഹസ്തത്തിനായി നാം കാത്തിരുന്നു. എത്ര വലിയവനും നിമിഷനേരം കൊണ്ട് ശൂന്യതയിലാണ്ടു. അഹങ്കരിക്കാൻ നമ്മുടെ കയ്യിൽ ഒന്നുമില്ലെന്ന യാഥാർത്ഥ്യം നാം തിരിച്ചറിഞ്ഞു. ജാതി-മത-വർഗ ഭേദത്തിന്റെ തുരുമ്പിച്ച ചങ്ങല പൊട്ടിച്ചെറിഞ്ഞ് ഏവരും ഒരു പായയിൽ ഉണ്ടുറങ്ങി.

എല്ലാ ആരാധനാലയങ്ങളിലും കയറിയിറങ്ങിയത് ഒരേ ജലമായിരുന്നു. ദിശമാറി ഒഴുകിയ പുഴയെ ശാന്തമാക്കാൻ പണത്തിനോ, മതത്തിനോ, കെട്ടിടങ്ങൾക്കോ കഴിഞ്ഞില്ല. കേരളത്തിന്റെ ലോകരാഷ്ട്രങ്ങൾ എത്തിനോക്കിയ ഐക്യമാണ് നമ്മെ കര കയറ്റിയത്. ഇടുക്കിയോ ചെറുത്തോണിയോ എന്ന വേർത്തിരിവില്ലാതെ സർവ്വ അണക്കെട്ടുകളും തുറന്നപ്പോൾ അവ നമ്മോട് പറഞ്ഞു 'മനുഷ്യാ ഇതു നിനക്കുള്ള പ്രതിഫലമാണെന്ന്.

മനുഷ്യന്റെ ചൂഷണത്തിന് വിധേയയായ പ്രകൃതിയുടെ ചെറു പ്രതികാരമാണ് ഈ മഹാപ്രളയം. കേരളത്തിന്റെ ഹൃദയത്തിൽ തുളച്ചു കയറിയ അസ്ത്രമാണ് ഈ പ്രളയം. കേരളം നവകേരള നിർമിതിയിലാണ്. 2018 കേരളത്തിന് സമ്മാനിച്ചത് കയ്പേറിയ മഹത്തായ പാഠമാണ്. നൂറ്റാണ്ടു കണ്ട മഹാപ്രളയത്തെ കവച്ചുവയ്ക്കാൻ ഇനിയൊരു ദുരന്തം അതുണ്ടാകാതിരിക്കട്ടെ....................



# പണത്തിന്റെ വില

രവാൻ വി

6th D

ഒരിടത്ത് ഒരിടത്ത് ഒരു വയസ്സായ അമ്മൂമ്മ താമസിച്ചിരുന്നു. അപ്പൂപ്പനും ഉണ്ടായിരുന്നു. അമ്മൂമ്മയുടെ പേര് ലിസി എന്നായിരുന്നു. അപ്പൂപ്പന്റെ പേര് വൽസൻ എന്നായിരുന്നു. വൽസൻ കൊണ്ടുവരുന്ന മീൻ വിറ്റു കിട്ടുന്ന പണം കൊണ്ടാണ് അവർ ജീവിച്ചിരുന്നത്. ഇത്തിരി അവർ ഭക്ഷിച്ചിരിന്നു. അവർ പുഴയുടെ അരികിലാണ് താമസിച്ചിരുന്നത്. അവരുടെ അയൽകാർ ദുഷ്ടമാരായിരുന്നു. അവർ പണകാർ ആയിരുന്നു. പക്ഷേ അവർ സന്തുഷ്ടരായിരുന്നില്ല. ലിസയും വൽസനും സന്തോഷിക്കുന്നത് അവർക്ക് ഇഷ്ടമല്ലായിരുന്നു. ഒരു ദിവസം വൽസൻ മീൻ വിൽക്കാൻ ഇറങ്ങിയപ്പോൾ അയൽക്കാരൻ ചോദിച്ചു:' 'നീ ഇനി മീൻ വിൽക്കേണ്ട. എന്റെ ഒപ്പം കൂടുന്നോ?" ഈ വയസ്സായ ഞാൻ മീൻ വിറ്റു നടന്നോളാം" എന്നു പറഞ്ഞു നടക്കാൻ തുടങ്ങി. നടന്നു നടന്ന് എവിടെയോ എത്തി. വഴി മറന്നു പോയി. അപ്പോഴാണ് മറ്റൊരു അയൽവാസി അതുവഴി വന്നത്. അപ്പോൾ വൽസൻ ചോദിച്ചു. എനിക്ക് വഴി തെറ്റി പോയി. എന്നെ ഒന്ന് സഹായിക്കാമോ?

സഹായിക്കാം. പക്ഷേ 100 രൂപ തരണം. ഒരു ദിവസം മുഴുവൻ അധ്വാനിച്ച് കിട്ടിയ പണമാണ് ആവശ്യപ്പെട്ടതെങ്കിലും, ഒരു ദിവസം പട്ടിണി കിടക്കണമെങ്കിലും അത് പ്രശ്നമല്ലെന്ന് മനസ്സിലാക്കി നൂറ് രൂപ

തരാം എന്ന് പറഞ്ഞു. അവരുടെ കയ്യിൽ ഒന്നുമില്ലായിരുന്നു. എന്നിട്ടും അവർ സന്തുഷ്ടരായിരുന്നു. അതുകണ്ട് അയൽവാസിയ്ക്ക് ദേഷ്യം വന്നു. ഒരു നിമിഷം അയൽവാസി ചിന്തിച്ച തനിക്ക് എത്ര പണമുണ്ട്... അവർക്കോ?... പണമൊരിക്കലും സന്തോഷം തരില്ല.

# പഴയ തലമുറയും പുതിയതലമുറയും തമ്മിലുള്ള വ്യത്യാസം

ആദ്യ കാലങ്ങളിൽ ജീവിതം കൂട്ടുകുടുംബമായിരുന്നു. എല്ലാവരും ഒത്തൊരുമിച്ചു കഴിഞ്ഞു. അവിടെ സ്നേഹത്തിന് പ്രാധാന്യമുണ്ടായിരുന്നു. എല്ലാവരും തമ്മിൽ സ്നേഹിച്ചു. ദാരിദ്ര്യമാണെങ്കിലും അതിലും സന്തോഷം നിലകൊള്ളുമായിരുന്നു . അന്ന് ജാതി-മത ഭേദമില്ലാതെ സഹായിക്കാനും ഉള്ള മനസ്സ് മനുഷ്യന് പണ്ട് ഉണ്ടായിരുന്നു . മറ്റുള്ളവരുടെ മനസ്സ് കാണാനും കഴിവുള്ളവരാണ്. അന്നത്തെ ആളുകൾ അധ്വാനിക്കാനും മടിയില്ലാത്തവരാണ്. അപകടം വന്നാൽ സഹായിക്കാൻ ഓടി എത്തുന്നവരാണ്. ആദ്യ കാലഘട്ടത്തിൽ പരോപകാരത്തിന് പ്രസക്തിയുണ്ടായിരുന്നു. പ്രായമായവരെ ബഹുമാനവും. വൃദ്ധസദനങ്ങളെ കുറിച്ച് അറിയാത്തവരായിരുന്നു. ദൈവത്തെ പേടിച്ച് ജീവിക്കുന്നവരായിരുന്നു. പണ്ട് നന്മ ചെയ്യുന്നവരായിരുന്നു. ഇന്നത്തെ കാലഘട്ടങ്ങളിൽ ആളുകൾക്ക് സമയം കുറവാണ്. തമ്മിൽ നോക്കാൻ പോലും സമയം തികയാത്ത ഓട്ടം. സ്നേഹം ദൂരേക്ക് മറയുന്ന കാലം. മതത്തിന്റെ രാഷ്ട്രീയത്തിന്റെ പേരിൽ തമ്മിൽ തല്ലി തീരുന്നകാലം. സഹോദര സ്നേഹമില്ല. മാതാപിതാക്കളുടെ കാര്യം നോക്കാൻ പോലും സമയം കിട്ടാത്ത ഈ കാലഘട്ടം എങ്ങോട്ടാണ് പോകുന്നത്. ഒരാളെ സഹായിച്ചാൽ തനിക്ക് തന്നെ വിനയായി മാറുന്ന ഈ സാഹചര്യം അതിജീവിക്കാൻ ഈ കാലഘട്ടത്തിന് സാധിക്കുമോ? സമ്പാദിക്കാനുള്ള ഈ പരക്കം പാച്ചിലിൽ ആർക്കെങ്കിലും വേദനിക്കുന്നുണ്ടോ, അവരെ മറന്നോ എന്ന ചിന്തിക്കാതെ വാരി കൂട്ടാൻ കൊല്ലും കൊലയും.....

## Mother is the best

*My mom is really great;*
*she's sweet as she can be ;*
*when I need some help, I know she's always*
*there for me .*
*Mom loves me all the time ,*
*Even when I' m pest ;*
*She always takes good care of me;*
*My mother is the best .*

# മാവിന്റെ ബുദ്ധി



**റിഫ ഫാത്തിമ**

6 C

ചിങ്കൻ എന്ന് പേരുള്ള ഒരു കുട്ടിക്കുരങ്ങൻ ഉണ്ടായിരുന്നു. അവൻ മഹാ വികൃതിക്കാരനായിരുന്നു. കാട്ടിൽ ചക്കരമാവിന്റെ കൊമ്പിലായിരുന്നു അവന്റെ താമസം. എങ്കിലും ചിങ്കൻ എപ്പോഴും ചക്കരമാവിനോട് വഴക്കുണ്ടാക്കും. ഒരു ദിവസം ചിങ്കൻ കാട്ടിലൂടെ നടക്കുമ്പോൾ കുറേ മരം വെട്ടുകാരെ കണ്ടു. ചക്കരമാവിനെ പാഠം പഠിപ്പിക്കണം . അതിന് പറ്റിയ അവസരമാണ് ഇപ്പോൾ കിട്ടിയത് എന്ന് എന്ന് ചിങ്കൻ വിചാരിച്ചു. അവൻ വേഗം മരം വെട്ടുകാരുടെ അടുത്തെത്തി.

*നിങ്ങൾ എന്റെ കൂടെ വന്നാൽ നല്ലൊരു മരം കാണിച്ചു തരാം.....*

ചിങ്കൻ മരം വെട്ടുകാരെ വിളിച്ചു. അതുകേട്ട് മരം വെട്ടുകാർ സന്തോഷത്തോടെ ചിങ്കന്റെ പിന്നാലെ പോയി. ചിങ്കൻ അവരെയും കൊണ്ട് ചക്കര മാവിന്റെ അടുത്തേക്കാണ് പോയത്. ദേ...... ഇതാണ് ഞാൻ പറഞ്ഞ മരം. ചക്കരമാവിനെ ചൂണ്ടി കാണിച്ചു കൊണ്ട് ചിങ്കൻ പറഞ്ഞു. മരംവെട്ടുകാർ കോടാലിയെടുത്ത് ചക്കരമാവിനെ മുറിക്കാൻ ഒരുങ്ങി. പെട്ടെന്ന് ചക്കരമാവിന് ഒരു സൂത്രം തോന്നി. ചക്കരമാവ് കൊമ്പ് കുലുക്കി മാമ്പഴം വീഴ്ത്തി. മരം വെട്ടുകാർ പറഞ്ഞു...

*മാമ്പഴം കഴിക്കാൻ തരുന്ന ഈ മാവിനെ വെട്ടേണ്ട....* മറ്റുള്ളവർ പറഞ്ഞു അത് ശരിയാണ്. ഈ മാവ് കാടിന് തന്നെ ഐശ്വര്യമാണ്. മറ്റുള്ളവർ അത് സമ്മതിച്ചു. ഇതു കേട്ടപ്പോൾ ചക്കരമാവിന് സന്തോഷമായി. ചിങ്കൻകുരങ്ങൻ നാണിച്ചു ആ കാട്ടിൽ നിന്നു സ്ഥലം വിടുകയും ചെയ്തു....

# വിദ്യാഭ്യാസം

*നീതു*



ഓരോ വ്യക്തിയുടെയും വികസനത്തിനുള്ളതും രാഷ്ട്രം ഒന്നാകെ പടുത്തുയർത്തുന്നതുമായ അടിത്തറയാണ് പ്രാഥമിക വിദ്യാഭ്യാസം. നമ്മുടെ സാമ്പത്തിക വളർച്ചയ്ക്ക് പ്രധാന സംഭാവന നൽകിയ ഘടകങ്ങളിൽ ഒന്നായി പലപ്പോഴും ഇന്ത്യയുടെ മെച്ചപ്പെട്ട വിദ്യാഭ്യാസ സംവിധാനം എടുത്ത് കാണിക്കുന്നു. വിവര സാങ്കേതികവിദ്യയുടെ ഈ കാലഘട്ടത്തിൽ ഐ.സി.ടി വിദ്യാഭ്യാസ മേഖലയിൽ ചെയ്യാൻ സാധിക്കുന്നവയും അല്ലാത്തവയുമായ തമ്മിലെ അന്തരം ഇല്ലാതാക്കുന്നതിന് ഗ്രാമീണ ഭാരതത്തിൽ സ്തുത്യർഹമായ ഭാഗം വഹിക്കുന്നു. ഇന്ത്യയിൽ 300 കോടിയിൽ അധികം കുട്ടികളിൽ കൂടുതലും സാമൂഹികവും സാമ്പത്തികവുമായ ചുറ്റുപാടുകളിൽ ജീവിക്കുന്നതിന് കാരണം അവരുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വികസിക്കുന്നതിന് ഒരു പരിധി വരെ വിഘാതമാവുന്നു എന്ന വസ്തുത പരമാർത്ഥമാണ്. ഓരോ വ്യക്തിയുടെയും വികസനത്തിനുള്ളതും രാഷ്ട്രം ഒന്നാകെ പടുത്തുയർത്തിയിരിക്കുന്നതുമായ അടിത്തറയാണ് പ്രാഥമിക വിദ്യാഭ്യാസം.

വിദ്യാഭ്യാസം, സംസ്കാരം, ചൈത്രം എന്നിവയുടെ വിവിധ വീക്ഷണങ്ങളെ കുറിച്ച് പഠിക്കുവാൻ ആരംഭിക്കുന്ന ഉപയോക്താക്കളെ യാണ് കുട്ടികളുടെ മേഖല ലക്ഷ്യമിടുന്നത്. എന്താണ്

വിദ്യാഭ്യാസമെന്നത് പൊതു ജനങ്ങൾക്ക് യാതൊരു രൂപവും ഇല്ലാത്തത് ആണ് യഥാർത്ഥ ബുദ്ധിമുട്ട്. നാം വിദ്യാഭ്യാസത്തിന്റെ മൂല്യത്തെ നിർണ്ണയിക്കുന്നത് പോലെയോ അല്ലെങ്കിൽ സോക്ക് എക്ക് സേജ് മാർക്കറ്റിൽ നിർണ്ണയിക്കുന്നതു പോലെയോ ആണ്.



# USELESS

FATHIMA RIYA

10th I

I am not a beautiful person,
And I don't have an attractive personality
I am not hard working either.
All I have is a heart filled with a mixture of Good and bad emotions!
So,
Are these kind of people termed as Useless?

# TIME

1: Time is free,but its priceless. you cant own it,but you can use it. You cant keep it,but you cant spend it. Once you have lost it it you can never get it back.

2: The greatest gift you can give to some one is your time because when you give some one your time,you are giving a portion of your life that you will never get back.

3: Time is like a river. you cannot touch the same water twice, because the flow that has passed will never pass again. Enjoy every moment in life.

4: Every thing comes to you at the right time, "BE PATIENT"

# The Magic of Music



MINI.D.K.

**MUSIC TEACHER**

*"Music should strike fire from heart of man and bring tears from the eyes of woman." These are the words of the great German composer, pianist Ludwig Van Beethoven. Music is changing widely between times and places. All kinds of people even the most isolated tribal groups have a music form. Since like other arts, music also feeds the soul and it plays in ones memory. It holds the power to calm us down in our adversities and even to pump us up with utmost strength. I think music in itself is healing. I'll share an incident from my real life.*

*I was judging a music competition for differently abled children. They was showing their happiness by actions and expressions in singing. Then, one boy came with his parents and teachers. He couldn't even walk properly with his weak body and swinging legs and hands. Teacher then took a chair and kept it at the mic point. He sat on the chair. I looked at his face, he had no expressions and was looking far somewhere. I lost my mind...felt sad about him and got myself ready to*

*listen to him. Every audience was waiting to hear him. The playback started.... What then came was just astonishing.*

*He started to sing a beautiful song with his soothing, heart touching voice with all elements of music without any single mistake. The progressions, timings, pitches, everything else was perfect.*

*Audience was at utmost silence till he finished. Everyone's eyes was filled with tears. Everyone cheered at him and clapped their hands. What I experienced there was simply the magic of music.*

*I realised that only music can convey the deepest emotions in life.*

*It's not just combination of words or compositions, by it's healing power it can get your eyes wet and even give you goose bumps. Its an explosive expression of humanity and something we are all touched by Music is a language that doesn't speak in particular words. It speaks in emotions, Where words fail, music speaks.*




# വർണങ്ങളുടെ മഴ

നവനിക .എ

സാവിത്രിക്കുട്ടി വരാന്തയിലൂടെ മെല്ലെ നടക്കുകയായിരുന്നു. അപ്പോൾ ഒരു പരുക്കൻ ശബ്ദം കേട്ടു. അത് അമ്മാവൻ ആണെന്ന് തോന്നുന്നു. വഴക്കു പറയാനാണെന്ന് അവൾ ഊഹിച്ചെടുത്തു. അവൾ തപ്പിത്തടഞ്ഞ് നടന്നു. കണ്ണുകാണാത്തത് കൊണ്ട് ജാഗ്രതയോടെ ഇരിക്കണമെന്നാണ് അമ്മാവന്റെ നിർദേശം. എവിടെയെങ്കിലും കാലുതെറ്റിവീണാൽ പിന്നെ അതിന്റെ ചെലവും കൂടി നോക്കണ്ടേ?.....എന്നു വിചാരിച്ചിട്ടായിരിക്കാം. ചെറുപ്പത്തിൽ അവൾ അച്ഛന്റെ കൂടെ പോയപ്പോൾ ഒരു വാഹനാപകട ത്തിൽപ്പെട്ട് അവളുടെ കണ്ണിന്റെ കാഴ്ച നഷ്ടപ്പെട്ടതാണെന്ന് വലിയവർ പറയുന്നത് അവൾ കേൾക്കാറുണ്ട്. അതിന്റെ ഇടയിൽ അമ്മായി അവളെ കൊണ്ടുള്ള ചെലവും സൂചിപ്പിക്കും. കണ്ണിന് ഓപ്പറേഷൻ വേണമെന്ന് അവൾക്ക് ആഗ്രഹമുണ്ട്. പക്ഷേ അമ്മാവനോട് പറയാൻ പേടിയാണ്. ഇരുണ്ട ജീവിതത്തിൽ കഴിയുന്ന അവൾക്ക് ജീവിതത്തോടാ തന്നെ മടുപ്പാണ്. അവളുടെ ജീവിതത്തിൽ വെളിച്ചം പകർന്നു തരുന്നത് മഴയാണ്. മഴ അവൾക്ക് അമ്മയെ പോലെയാണ്. മഴയുടെ ചാറൽ വന്ന് തഴുകുമ്പാൾ അമ്മ വന്ന് തഴുകുന്നത് പോലെയാണ്. മഴക്കൊപ്പം താളം പിടിച്ചുവരുന്ന കാറ്റും കാറ്റിന്റെ താളത്തിൽ നർത്തനം ചെയ്യുന്ന മഴയായി അവൾക്ക് തോന്നാറുണ്ട്. അമ്മ ചെറുപ്പത്തിലെ മരിച്ചുപോയി. മഴ അവളെ തലോടുമ്പോൾ അമ്മയുടെ ഓർമ്മ നിരാശപ്പെടുത്തുന്നു. മഴ പോകുമ്പോൾ അമ്മ പോകുന്നതിന് തുല്യമാണെന്ന് അവൾക്ക് തോന്നും. മഴയെ ഒന്ന്

കാണാൻ അവൾക്ക് ആഗ്രഹമുണ്ട്. പക്ഷേ അതിന് കഴിയില്ല. അമ്മാവനും അമ്മായിയും അവളെയൊരു ശല്യമായിട്ടാണ് കാണുന്നത്.അവൾക്ക് പഠിക്കാൻ നല്ല ആഗ്രഹമുണ്ട്. പക്ഷേ അതിന് അവർ അനുവദിക്കില്ല.പതറിക്കൊണ്ട് അവൾ ഒരിക്കൽ അമ്മാവനോട് സൂചിപ്പിച്ചു. ഇരുട്ടിൽ ജീവിക്കുന്ന നിനക്ക് എന്തിനാണ് വിദ്യാഭ്യാസം എന്നായിരുന്നു മറുപടി. ദിവസവും അവൾ ഇത് തന്റെ വിധിയായിരിക്കും എന്നു കരുതി സമാധാനിക്കാറാണ്.

# PICTURE







# മീഡിയയുടെ സ്വാധീനം കുട്ടികളിൽ

ഷാരോൺ വി.പി

നല്ല പുസ്തകങ്ങളിലൂടെയും പത്രങ്ങളിലൂടെയും റേഡിയോയിലൂടെയും സഞ്ചരിച്ച ഒരു പഴയ തലമുറ നമുക്കുണ്ടായിരുന്നു. നേരായ വിദ്യനേടി, നേരായ പാതയിൽ സഞ്ചരിച്ച് ശരിയായ ലക്ഷ്യത്തിലെത്തിച്ചേരുന്ന ആ പഴയ തലമുറ ഇന്ന് ഇല്ലാതായിരിക്കുന്നു. മാറിമാറി വരുന്ന ടെലിവിഷൻ ചാനലുകളുടെ കാലവും കടന്ന് ആധുനിക ഹൈടെക് സംവിധാനങ്ങൾ ഉള്ള മാധ്യമസംസ്കാരത്തിലേക്ക് നാം എത്തിയിരിക്കുന്നു. ഇന്നത്തെ പുതുതലമുറയുടെ ഈ കുതിച്ച ചാട്ടം എങ്ങോട്ടാണ് ? നാം ചിന്തിക്കേണ്ടിയിരിക്കുന്നു. അകലങ്ങളെ ഇല്ലാതാക്കുന്ന ബന്ധങ്ങൾ വളർത്തിയെടുക്കുന്ന മൊബൈൽ ഫോൺ ഇന്ന് ഒഴിച്ചു കൂടാനാവാത്ത ഒന്നായ് തീർന്നിരിക്കുന്നു. ക്യാമറ, ഇന്റർനെറ്റ്, ജി.പി.എസ് സംവിധാനം ഇവയെല്ലാം ഇന്ന് സെൽഫോണുകളിൽ ലഭ്യമാണ്. യാത്രയിൽ ഉപയോഗിക്കാം എന്ന നിലയിൽ അതിന്റെ ഉപയോഗം നല്ലതാണ്. എന്നാൽ വിദ്യാർത്ഥികളെ വഴി തെറ്റിക്കുന്നതിൽ മൊബൈൽ ഫോണുകൾ മുന്നിലാണ് എന്നത് യാഥാർത്ഥ്യമാണ്. ആകർഷിക്കുന്നതെന്തും സ്വന്തമാക്കാനുള്ള മോഹം ഉള്ളിൽ വളരുന്ന കൗമാരപ്രായക്കാരെ ഇതിന്റെ ഉപയോഗം വഴി തെറ്റിക്കുന്നു. ഇന്ന് നമ്മുടെ കുടുംബാംഗങ്ങളുടെ ടൈം ടേബിൾ തീരുമാനിക്കുന്നത് റിയാലിറ്റിഷോകളും അവസാനമില്ലാത്ത സീരിയലുകളുമാണ്. മനുഷ്യന്റെ മനസ്സിനെ സ്വാധീനിക്കാൻ ഇത്തരം പരിപാടികൾക്ക് സാധിക്കുന്നു.

ടി.വി നല്ലതാണ്. നല്ല രീതിയിൽ ഉപയോഗിച്ചാൽ..... വിജ്ഞാനപ്രദമായ പല ചാനലുകളും ഇന്നുണ്ട്. ഇമെയിലും ചാറ്റിങ്ങുമൊക്കെ ഇന്നു നമ്മുടെ കൊച്ചു കുട്ടികളെ പോലും സ്വാധീനിച്ചിരിക്കുന്നു. ഫേസ്ബുക്ക് അംഗത്വമില്ലാത്തവർ ഇന്ന് സ്കൂൾവിദ്യാർത്ഥികളിൽ വളരെ കുറവാണ്.പരസ്പരം കണ്ട് ചാറ്റിംഗ് നടത്തുന്നതും ഇന്ന് ശീലമായി മാറികഴിഞ്ഞു. ഈ സൗകര്യങ്ങളെല്ലാം ആധുനിക സാങ്കേതികവിദ്യ എത്രമാത്രം വികസിച്ചിരിക്കുന്നു എന്നതിന്റെ ചൂണ്ടുപലകകളാണ്. എല്ലാം നല്ലതു തന്നെ. നന്മക്കായി ഉപയോഗിച്ചാൽ മാത്രം. ആധുനിക മാധ്യമങ്ങൾ സൃഷ്ടിക്കുന്ന ചതിക്കുഴികൾ നാം തിരിച്ചറിയണം. നമ്മുടെ മാധ്യമങ്ങളും സാങ്കേതികവിദ്യകളും നല്ല രീതിയിൽ ഉപയോഗിച്ച് വിജ്ഞാനം ആർജ്ജിക്കാൻ നമ്മുടെ പുതുതലമുറയെ നാം പ്രാപ്തരാക്കണം.

# FLOOD

19-aug2018 the canals of the town have started to over flow and flood water ..... to Alappuzha town following the as canal over flowing
28-aug2018 motorboat moves past a row of empty houseboats in a tributary of the pamba river following floods in alappuzha districtin 16-august-2018.the flood situation in alappuzha district turned worse on.... an indian navy helicopter has been pressed into action to... 21-july-2018 alappuzha:a central teamled by union minister of star for home.... the central team visited kuttanad by helicopter.

# PICTURE





# വിനയം വിജയത്തിന്റെ വഴി



**ബഷീർ മാസ്റ്റർ**

ഒരു വ്യക്തിയുടെ സ്വഭാവ രൂപീകരണത്തിൽ അവന്റെ, അവളുടെ മനസ്സിനു തന്നെയാണ് സ്വാധീനം. അതായത് ആ വ്യക്തിയിൽ കുടികൊള്ളുന്നത് അവന്റെ വികാരങ്ങളും ലക്ഷ്യങ്ങളും പ്രവൃത്തിയും ഒക്കെയാണ്. കുട്ടിക്കാലം മുതൽ വ്യക്തി അനുവർത്തിച്ചു വന്ന ശീലങ്ങളാണ് ഏതൊരാളെയും ഉന്നതിയിലെത്തിക്കുന്നത് . ആകയാൽ നിങ്ങൾക്കുംഅടിസ്ഥാനമായി വേണ്ടതിതു തന്നെയാണ്. മാതാപിതാക്കളുടെയും ഗുരുജനങ്ങളുടെയും വേണ്ടപ്പെട്ടവരുടേയും അംഗീകാരവും സ്നേഹവും വാത്സല്യവും വിനയത്തിലതധിഷ്ഠിതമായ പെരുമാറ്റം വഴിയേ നേടിയെടുക്കാൻ കഴിയുകയുള്ളൂ. മറ്റുള്ളവർ നമ്മെ ഇഷ്ടപ്പെടണമെങ്കിൽ, അംഗീകരിക്കണമെങ്കിൽ അതിനനുസരിച്ച പെരുമാറ്റം നമ്മിൽ നിന്ന് ഉണ്ടാകണം. നല്ല ശീലങ്ങളും വിനയവും തന്നെയാണിതിൽ പ്രധാനം. ധിക്കാരവും ഗർവും അനുസരണക്കേടും കാണിക്കുന്നവരെ ആരും ഇഷ്ടപ്പെടുകയില്ല.

വിദ്വേഷം, അസൂയ, അഹങ്കാരം, കോപം, ദുർമോഹം തുടങ്ങിയവ നമ്മുടെ സ്വഭാവത്തെ ദുഷിപ്പിക്കുന്ന ദുർവികാരങ്ങളാണ് . ഇവയെ അതിജീവിച്ച് വിനയം സ്വന്തമാക്കാൻ നിങ്ങൾക്ക് കഴിയുമെങ്കിൽ... ഒട്ടും സംശയിക്കേണ്ട ആരും നിങ്ങളെ ഇഷ്ടപ്പെടും. മറ്റെന്തെല്ലാം നേട്ടങ്ങളും സ്ഥാനമാനങ്ങളും ഉണ്ടായാലും വിനയമില്ലാത്തവരെ ആരും ഇഷ്ടപ്പെടില്ല. അംഗീകരിക്കുകയോ ആദരിക്കുകയോ ഇല്ല. അതുകൊണ്ട് സത്യം, ധർമ്മം, അഹിംസ, സ്നേഹം

തുടങ്ങിയ സദ്ഗുണങ്ങൾ പോലെ തന്നെ പ്രീതിക്കായി വിനയം എന്ന സൽഗുണവും ശീലമാക്കിയെടുക്കേണ്ടതാണ്.


എന്താണ് വിനയം എന്നു പറയുന്നത് ? അതിന്റെ സവിശേഷതയെന്താണ്? ചിലരെങ്കിലും ചോദിച്ചേക്കാം. പ്രതിപക്ഷ ബഹുമാനമാണ് വിനയത്തിന്റെ അടിസ്ഥാനതത്ത്വം. അച്ചടക്കം, മര്യാദ, എളിമ എന്നൊക്കെ വേണമെങ്കിൽ അതിനെ വിശേഷിപ്പിക്കാം. മറ്റുള്ളവരെ ബഹുമാനിക്കാനും അവരുടെ ഇംഗിതങ്ങൾക്ക് വിഘാതം സൃഷ്ടിക്കാനും തയ്യാറാകുക, താൻപോരിമ കാണിക്കാതിരിക്കുക, ആചാരമര്യാദകൾ പാലിക്കാതിരിക്കുക തുടങ്ങിയവ ഒരിക്കലും വിനയത്തിന്റെ ലക്ഷണമല്ല. ചിന്താശൂന്യമായ ഇത്തരം പ്രവൃത്തികൾ മററുള്ളവരുടെ അവഹേളനത്തിന് ഇടയാക്കും.

എളിമകൊണ്ട് മറ്റുള്ളവരുടെ സ്നേഹാദരവുകളാണ് ലഭിക്കുന്നത്. മറ്റുള്ളവർക്ക് ആശ്വാസവും സമാധാനവും നൽകുന്ന സേവനമനോഭാവമായിരിക്കും വിനയമുള്ളവരുടെ കൈ മുതൽ. വിനയമുള്ള വ്യക്തിയ്ക്കു ക്ഷമയും ഉണ്ടായിരിക്കും. അപരിചിതരുമായി ഇടപ്പെടുക, അതിഥികളെ സ്വീകരിക്കുക, പൊതുവേദികളിൽ പ്രത്യക്ഷപ്പെടുക എന്നീ സന്ദർഭങ്ങളിലൊക്കെ വിനയം നഷ്ടപ്പെടാതിരിക്കണമെങ്കിൽ ക്ഷമ കൈ മുതലായി വേണം. കാരണം പല സ്വഭാവക്കാരുമായിട്ടാണിവിടെ ഇടപെടേണ്ടതായി വരുന്നത്. ക്ഷമയില്ലാത്തവരാണ് അവിവേകം പ്രവൃത്തിക്കുന്നതും അനാവശ്യമായി സംസാരിക്കുന്നതും. ഇത് അഹങ്കാരത്തിന്റെ ലക്ഷണമാണ് .വ്യക്തിത്വ വൈകല്യത്തിന്റെ പേരിൽ ഇക്കൂട്ടരെ ആരും ഇഷ്ടപ്പെടില്ലെന്നു മാത്രമല്ല ശല്യക്കാരെന്നു കരുതി എല്ലാ രംഗത്തു നിന്നും ഒഴിവാക്കാനായി ശ്രമിക്കുകയും ചെയ്യും. അതുപോലെ ഇങ്ങനെയുള്ള ഒരാൾക്ക് നല്ല ഭാവിയുണ്ടാകുന്നതിനോ ഒരാപത്തു വന്നാൽ സഹായിക്കുന്നതിനോ ആരും ആഗ്രഹിച്ചെന്നു വരില്ല.

എല്ലാവരുടെയും മതിപ്പിനും പ്രോൽസാഹനത്തിനും പാത്രമാകണമെങ്കിൽ വിനയവും പ്രതീക്ഷയും ബഹുമാനവും ശീലമാക്കിയെടുക്കണം. മാതാപിതാക്കളോടും ഗുരുസ്ഥാനീയരോടും മാത്രമല്ല നിങ്ങളെക്കാൾ പ്രായമുള്ള ആരോടും വിനയത്തോടു കൂടി പെരുമാറാൻ ശ്രദ്ധിക്കുക. വീട്ടിലും പൊതുസ്ഥലത്തുമൊക്കെ പെരുമാറാൻ ഇത് ഓർക്കണം. ബഹുമാനിക്കേണ്ടവരെ എണീറ്റു നിന്ന് ആദരിക്കുക, ശബ്ദം താഴ്ത്തി സംസാരിക്കുക, സന്തോഷം പ്രകടിപ്പിക്കുക, ക്ഷേമാന്വേഷണം നടത്തുക തുടങ്ങിയവ വിനയത്തിന്റെ ബാഹ്യപ്രകടനങ്ങളാണ്.

*എന്നാൽ അതിന്റെ പിന്നിൽ ആത്മാർത്ഥത കൂടെ ഉണ്ടായിരിക്കണമെന്ന് പ്രത്യേകം ഓർക്കുക. സംസാരത്തിലും പെരുമാറ്റത്തിലും പ്രവൃത്തിയിലുമെല്ലാം വിനയം നിലനിർത്താൻ കഴിയുന്നതിലാണ് വിജയം കുടിക്കൊള്ളുന്നത്. ഇത്തരക്കാർക്ക് ജീവിതത്തിൽ സന്തോഷവും സമാധാനവും സംതൃപ്തിയും ഉണ്ടാകുമെന്നതിൽ സംശയമില്ല.*

# HOW DO TO OUR NEIGHBOURHOOD CLEAN AND GREEN



Fathima Najla K

9G

*When you see rubbish such as old newspaper,deadleaves,plasticbags,cartons,and other garbage lying on the ground,pick up and putit inthe dustbin.*

*Gather all your neighbours and dedicate a day to just cleaning your nieghbourhood. more the number of hands,more the fun .*

*Have a community garden located a vacant lot in your neighbourhood.let every neighbour hood have a little patch of their own where there can grow what they wanall the neighbours can work together to grow vegtables fruits and flowers.......*

# സാറയുടെ മണ്ടത്തരം

സഫിയ

അങ്ങകലെ വർസേരിയ എന്നൊരു ഗ്രാമത്തിൽ അതിമനോഹരമായ പെൺക്കുട്ടിയുണ്ടായിരുന്നു. അവളായിരുന്നു സാറ . അതിമനോഹരമായിട്ടും അവൾ ഒരിക്കലും തന്റെ രൂപം കണ്ടിരുന്നില്ല. അവളെയാരും സുന്ദരി എന്ന് വിളിച്ചതും ഇല്ല. അങ്ങനെയുള്ളൊരു അസ്ഥയിലാണ് അവൾ വളർന്നു വന്നത്. താൻ ഒരു വിരൂപിയാണെന്നും തന്നെ എല്ലാവരും വെറുക്കുന്നു എന്ന് അവൾ കരുതി. അതുകാരണം ദുഖിച്ചിരിക്കുമ്പോഴാണ് അവൾക്കൊരു ബുദ്ധി തോന്നിയത്. എന്റെ ഗ്രാമത്തിൽ നിന്ന് വളരെയകലെ മിർളിയ എന്നൊരു മന്ത്രവാദിയുണ്ട്.അവർ തനിക്ക് നല്ലൊരു രൂപം തരുമെന്ന് കരുതി. മന്ത്രവാദിയെ തേടി യാത്രയായി. കാട്ടുപഴങ്ങൾ ഭക്ഷിച്ചും അരുവിയിലെ വെള്ളം കുടിച്ചും അവളുടെ യാത്ര.മലകളും കുന്നുകളും കയറിയിറങ്ങി രണ്ട് രാവും പകലും യാത്ര ചെയ്ത് താൻ വിചാരിച്ച സ്ഥലത്ത് എത്തിചേർന്നു. വഴിയിൽ കണ്ട കുട്ടികളോട് വഴി ചോദിച്ച് മന്ത്രവാദിയുടെ കോട്ടയിലേക്ക് നടന്നു. അതിനിടയിൽ കുട്ടികൾ തന്നെ സൂക്ഷിച്ചുലോക്കുന്നത് അവൾ കണ്ടു.ഇത്രയും നോക്കാൻ എന്നിൽ എന്താണുള്ളതെന്ന് അവൾ അത്ഭുതപ്പെട്ടു. ഒടുവിൽ അവൾ കോട്ടയിലെത്തി. വളരെ മനോഹരമായിരുന്നു അവിടം കാണാൻ. യാത്രയുടെ ക്ഷീണമുണ്ടെങ്കിലും തനിക്ക് ലഭിക്കുമെന്നത്തിൽ അവൾ സന്തോഷവതിയായിരുന്നു. അവൾ കോട്ടക്കുള്ളിൽ കടന്നു. മന്ത്രവാദിനി തന്റെ മന്ത്രക്കുടത്തിൽ വളരെ വിചിത്രമായ കാര്യങ്ങൾ ചെയ്യുകയായിരുന്നു. എന്തിനാണ് വന്നതെന്ന് മന്ത്രവാദിനി ഗൗരവത്തോടെ ചോദിച്ചപ്പോൾ എന്റെ വൃത്തികെട്ട രൂപം മാറ്റി

സുന്ദരിയാക്കിത്തരണം എന്ന് അവൾ പറഞ്ഞു. അപ്പോഴാണ് മന്ത്രവാദിനി ശരിക്കും അവളെ ശ്രദ്ധിക്കുന്നത്. ചുവന്ന ചുണ്ടും കട്ടും പച്ച നിറവും നല്ലനിറമുള്ള ഇവളെങ്ങനെ വിരൂപിയാകും? നിടോരാണ് നീ വിരൂപിയാണെന്ന് പറഞ്ഞ് ? അവർ ചോദിച്ചു .

എന്നെയാരും സുന്ദരിയെന്ന് വിളിക്കാറില്ല. അതിൽ നിന്നു ഞാൻ മനസ്സിലാക്കിയതാണ് അവൾ പറഞ്ഞു. അപ്പോഴാണ് മന്ത്രവാദിനിയ്ക്ക് കാര്യം പിടികിട്ടിയത്. അപ്പോൾ തന്നെ മന്ത്രവാദിനി ഒരു കണ്ണാടിയെടുത്ത് ഈ രൂപം മതിയോയെന്ന് ചോദിച്ചു. അവൾ സന്തോഷത്തോടെ മതിയെന്നു പറഞ്ഞു.

എടീ... മണ്ടി പെണ്ണേ....... നിന്റെ രൂപം തന്നെയാണിത്. നിനക്കില്ലാത്ത സൗന്ദര്യമായിരുന്നു ആത്മവിശ്വാസം. ദൈവം ഇത്രയും സൗന്ദര്യം തന്ന നീ സന്തോഷവതിയാക്കേണ്ടത് മറ്റുള്ളവർ സുന്ദരിയെന്നു വിളിക്കുന്നതിലല്ല സൗന്ദര്യം ആത്മവിശ്വാസത്തിലാണ് സൗന്ദര്യം ഇനി പൊക്കോളൂ മന്ത്രവാദിനി പറഞ്ഞു. ആത്മവിശ്വാസത്തോടെ സാറ മടങ്ങി.



# പനിനീർ പൂവ്

അനൈന.പി.

എന്റെ സുന്ദരിപൂവേ,
പനിനീർ പൂവേ
നീയെത്ര സുന്ദരി
 നിന്നുടെ സൗന്ദര്യം
എനിക്ക് കിട്ടുമെന്ന് ഞാൻ കരുതി
അറുത്തെടുത്ത് മുടിയിൽ ചൂടി
നിയെത്രെ സുന്ദരി ആ-
ചെടിയിൽ നിൽക്കുമ്പോൾ
കണ്ടു മതിവരുന്നില്ല എനിക്ക്
നിന്നെ..............



## PICTURE





# HEAVEN



Fathima riya

**10 I**

Being with you the person who knows you
deep inside,
who loves you truly,
with whom you connect and share every bit
of your emotions and feelings ,
who loves and cares for you a lot more than
she care for herself,who can understand
what's inside you with no words as
mediators is the real heaven
of this world!

## TRUE FRIENDSHIP

The feelings friendship from the start
Is that special feeling in your heart
A feeling from deep down inside
Afeeling that no one should hide
A friend is there through good and bad
They make you happy when you 're sad
They brighten up your darkest day
Just by the simple things they say

Now friendship can't be bought or sold
It may get taminshed and may get old
You can over come your greatest fear
Just look around and it is there now friendship one
and only coast is to make
Sure that it's never lost.

# ആഗ്രഹം



അലൈഷ്യ എ.
6D

ഒരിടത്ത് അപ്പു എന്ന ഒരു കുട്ടിയുണ്ടായിരുന്നു.

അപ്പുവിന്റെ അമ്മയുടെ പേര് രേവതിയെന്നും അച്ഛന്റെ പേര് സിദ്ധാർഥൻ എന്നുമായിരുന്നു. അവന്റെ അച്ഛനും അമ്മയും തമ്മിൽ തെറ്റിലായിരുന്നു. അതുകൊണ്ടവൻ അച്ഛനെ കാണാറില്ല. ഒരു ദിവസം അവന്റെ കൂട്ടുകാരൻ ചോദിച്ചു:"നിനക്ക് അച്ഛനില്ലേ?"

ഉണ്ട്... അപ്പു പറഞ്ഞു.

എന്നിട്ട് ഞാൻ കണ്ടിട്ടില്ലല്ലോ? കൂട്ടുകാരൻ ചോദിച്ചു.

"അത്....അത്......" അപ്പു പതറി.

"എന്താ അപ്പു നിനക്ക് പറയാൻ ഒരു മടി....." കൂട്ടുകാരൻ ചോദിച്ചു. അപ്പോൾ അപ്പു പറഞ്ഞു "അത്..എന്റെ അച്ഛനും അമ്മയും തെറ്റിലാണ്".

"ആണോ...നീ വിഷമിക്കണ്ട ഞാനിതാരോടും പറയില്ല"

കൂട്ടുകാരൻ പറഞ്ഞു. എന്നാൽ പിറ്റേ ദിവസം അപ്പുവിനെ നോക്കി എല്ലാരും ചിരിക്കാൻ തുടങ്ങി. അപ്പു വേഗം വീട്ടിലേക്കോടി. അപ്പോൾ അമ്മ ചോദിച്ചു "എന്താ മോനെ നിനക്ക് പറ്റിയത്".അപ്പോൾ അപ്പു പറഞ്ഞു "അമ്മേ....അമ്മയും അച്ഛനും തെറ്റിലാണെന്ന് പറഞ്ഞിട്ട് എല്ലാവരും എന്നെ കളിയാക്കി". അപ്പോൾ അമ്മയ്ക്ക് തോന്നി അവന്റെ അച്ഛനുമായൊന്ന് സംസാരിക്കണം.

അമ്മ പറഞ്ഞു. "അപ്പൂ..നീ ഇന്ന് തന്നെ അച്ഛനുമായൊന്നു സംസാരിക്കണം".

അങ്ങനെ അവൻ അച്ഛന്റെ അടുത്തേക്ക് പോയി.

അപ്പു പറഞ്ഞു "അച്ഛാ....അച്ഛനും അമ്മയും ഒന്നു മനസ്സുതുറന്നു

സംസാരിച്ചാൽ തീരാവുന്ന പ്രശ്നങ്ങളേ ഉള്ളൂ........."അപ്പോൾ അമ്മ വന്നു.
അപ്പുവിന്റെ അച്ഛനും അമ്മയും മനസ്സ് തുറന്നു.
ആ ഒരു സംസാരത്തിൽ അവർ ഒന്നായി.
പിറ്റേന്ന് അവരേയും കൂട്ടി അപ്പു സ്കൂളിലേയ്ക്ക് പോയി.
"ഇതാടാ....എന്റെ അച്ഛനും അമ്മയും..ഇവർ തെറ്റില്ലല്ല.."
അവൻ ചങ്കുറ്റത്തോടെ പറഞ്ഞു.അങ്ങനെ അവന്റെ ആഗ്രഹം സഫലമായി.



# A TRIBUTE TO TEACHERS

Hinana T.k

" THE LIGHT BEARERS OF WISDOM AND KNOWLEDGE "

Teachers, the light bearers
Bearers of wisdom and knowledge
The immortal messenger of god.
We, the candles, we are
Teachers, ignite us with knowledge
And lot expose our on hands talents,
where everything was dark
with ingnorence, is now
Brighter with reality and truth,
with wisdom, we speak,
with morality,we live,
They,they only help us to live
and to live better
can we ever repay the
Debt to our teachers.

# I AM

**Thrishna Ajay**
**8th B**

*I am lovely and I am kind...*
*I love you all...*
*But,*
*I always cry in my heart...*
*But,*
*Outside I always smile...*
*Then...*
*Just say... who am I....?*
*Don't you know????*
*I am a 'Mother'*
*Yes...*
*I am your Mother...*



# BROKEN HEART

Fathima riya

**10 I**

*I am broken,not just because of a silly boy!*
*I am broken, yeah! Just because of everyone around me!*
*My circumstances,my loneliness,over thinking,all the flaws I have mentally and physically, broke me out in to pieces.*
*I hate the half of me,and I love the other half of mine.*
*Whenever,I loose myself in to the trauma of loneliness*
*I try to fix my broken heart by saying*
*'someone is there for you'*
*And fill it with expectations.*



# വിസ്മയ പ്രതിഭ

## രാഗേഷ് ഐ ജി

**സംഗീതാധ്യാപകൻ**

"നാദതന്ത്രികളെ പതിയെ തലോടി ആ പ്രണയത്തിൽ ജീവിതാവസാനം വരെ കഴിയുക." അതുതന്നെയായിരുന്നു അദ്ദേഹത്തിന്റെ മോഹം. വെള്ളിത്തിരയുടെ മാസ്മരികലോകം കാത്തിരുന്നിട്ടും വയലിൻ എന്ന സംഗീത ഉപകരണത്തിന്റെ സാധ്യതകൾ തേടി നടക്കുകയായിരുന്നു അദ്ദേഹം. ഓരോ തവണ വയലിൻ കൈയ്യിലെടുക്കുമ്പോഴും അദ്ദേഹം സംഗീതപ്രേമികളെ അതിൽ ലയിപ്പിച്ചു. ചിരിച്ചും കരഞ്ഞും അവർ ആ സംഗീത സാഗരത്തിൽ ആറാടി. മൂന്നാം വയസ്സിൽ കൈയ്യിൽ കിട്ടിയ വയലിൻ എന്ന കളിപ്പാട്ടത്തെ ഒരായുസ്സു മുഴുവൻ അദ്ദേഹം ചേർത്തു നിർത്തി. ഒടുവിൽ ഇപ്പോളിതാ ആ വാക്കുകളെല്ലാം സംഗീതത്തിനപ്പുറമുള്ള സത്യത്തിലേയ്ക്ക്.....

വിരലുകൾ കൊണ്ട് ഇന്ദ്രജാലം തീർക്കുന്ന വേറിട്ട പ്രതിഭയുടെ ഉദയസൂര്യൻ... അതുതന്നെയായിരുന്നു ബാലഭാസ്കർ. ഇലക്ട്രിക് വയലിനിലൂടെ പുതിയ തലമുറയെ ഉന്മത്തരാക്കാനും ശാസ്ത്രീയ സംഗീതക്കച്ചേരികളിൽ ശുദ്ധസംഗീതത്തിനൊപ്പം നിൽക്കാനും അദ്ദേഹത്തിനു കഴിഞ്ഞു. ഫ്യൂഷൻ സംഗീതത്തിൽ നിയമത്തിന്റെ പ്രശ്നങ്ങളില്ല. സ്വാതന്ത്ര്യമുണ്ട്. എന്നാൽ സ്വാതന്ത്ര്യം കൂടുതലെടുത്താലും പ്രശ്നങ്ങളുണ്ട്. അതുകൊണ്ട് സ്വാതന്ത്ര്യം അനുഭവിച്ചു കൊണ്ടുതന്നെ

സംഗീതത്തിന്റെ അപാര അനുഭവം പങ്കുവെയ്ക്കാനാണ് അദ്ദേഹം ശ്രമിച്ചത്. സംഗീതകച്ചേരികൾക്കും നിയതമായൊരു രൂപമുണ്ട്.അതിൽ നിന്ന് വ്യതിചലിക്കാനും പാടില്ല. എത്ര തിരക്കിലാണെങ്കിലും എല്ലാ ദിവസവും സാധകം അദ്ദേഹം മുടക്കുമായിരുന്നില്ല. തന്റെ ഗുരുവും അമ്മാവനുമായ പ്രശസ്ത വയലിൻ വിദ്വാൻ ബി. ശശികുമാറിനു മുന്നിൽ അച്ചടക്കത്തോടെ ഇരിക്കുമായിരുന്നു. ഏതൊരു ചെറിയ പരിപാടിയായാൽ പോലും റിഹേഴ്സൽ നിർബന്ധം.

"ഇന്നലത്തെ എന്നെക്കാളും ഇന്നു ഞാൻ എങ്ങനെയാവണം, നന്നാവണം എന്ന ചിന്തയിൽ ഓരോ ദിവസവും എന്നോടുതന്നെ മത്സരിക്കുകയാണ് ഞാൻ. ഇന്നലത്തേത് മോശമാണ് എന്ന അർത്ഥത്തിൽ ഇന്ന് എങ്ങനെ കൂടുതൽ നന്നാക്കാം എന്ന ചിന്തയാണ് എനിയ്ക്ക്. അതുകൊണ്ടു തന്നെ നിരന്തരം സാധകം ചെയ്യുന്നു." അദ്ദേഹത്തിന്റെ ഈ വാക്കുകൾ തന്നെയാണ് അദ്ദേഹം നമുക്ക് തന്ന സന്ദേശവും.





# FLOODED DAYS

Anjali k
9th E
&
Aswathy.G.kumar
**9th D**



*From 9 August 2018, severe floods affected the south India state of Kerala, due to unusually high rainfall during the monsoon season. It was the worst flood in Kerala in nearly a century over 483 people died and 14 are missing about a million people were evaluated mainly from Chengannur, Pandnad, Edanad, Ayiroor ,Raanu etc........... of state were placed on red alert . According to Kerala government one third of the total population of Kerala had been directly affected by the flood and elated incidents. The Indian government and declared it a level3 calamity or calamity of severe nature. It is the worst flood in Kerala after the great flood of 99 that took place in 1924.*

# SMILE

*Smile is all*
*your smile is the key to*
*unlock my heart*
*it is the one way to the life*
*give smile and  receive smile*
*smile is the way to laugh in our life*
*smiling lips don't know the wet of the eyes*
*smile is the gift of god*
*it is the art of divine*
*smile is all......................................................*



# നൃത്തച്ചുവടുകൾ

തൃഷ ബിജു.സി.പി.

10th F



ഗുരുവായൂരപ്പന്റെ മുന്നിൽ അഴിച്ചുവെച്ച ചിലങ്ക എന്നെ ഇപ്പോഴും നോക്കി പുഞ്ചിരിക്കാറുണ്ട്.....പക്ഷേ അതെടുത്തണിയാനുള്ള ശക്തി എനിക്കില്ലാതെ പോയി..........

ഞാൻ ഒന്നാം ക്ലാസ്സിൽ പഠിക്കുമ്പോഴേ നൃത്തം എന്നു വെച്ചാൽ എനിക്കു ജീവനായിരുന്നു. അതുകൊണ്ട് അമ്മ പലപ്പോഴും ടിവിയിൽ ക്ലാസിക്കൽ ഡാൻസ് കണ്ടാൽ എനിക്കു വെച്ചു തരാറുണ്ട്. അമ്മയുടെ മുന്നിൽ ഞാൻ കണ്ണെടുക്കാതെ ടിവിയിൽ തന്നെ നോക്കി നൃത്തചുവടുകൾ ശ്രദ്ധിക്കാറാണ് പതിവ്. എന്നാൽ അമ്മ അടുക്കളയിലേക്ക് പോയി കഴിഞ്ഞാൽ മറ്റാരും എന്റെ അരികിൽ ഇല്ലെങ്കിൽ ഞാൻ ടിവി നോക്കി അതിൽ കളിക്കുന്നതു പോലെ കളിക്കാറുണ്ട്. ഇത് പതിവായിരുന്നു... പക്ഷേ ഒരിക്കൽ അമ്മ അത് പിടിച്ചു. ഞാൻ കളിക്കുന്നത് അമ്മ കണ്ടു. അച്ഛനോട് പറയുകയും ചെയ്തു.

വിജയദശമി അടുത്തു വരികയായിരുന്നു. പുസ്തകം എടുത്ത് കഴിഞ്ഞ് അമ്മ എന്നെയും കൂട്ടി വേഗം വീട്ടിലേയ്ക്ക് നടന്നു.

എന്തിനാണെന്ന് എനിക്ക് മനസിലായില്ല. എന്റെ വീടിനു നേരെ മുൻപിൽ തന്നെ ഒരു ഡാൻസ് ക്ലാസ് ഉണ്ടായിരുന്നു. കുട്ടികൾ പോകുന്നത് പലപ്പോഴും ഞാൻ നോക്കി നിൽക്കാറുണ്ടായിരുന്നു. എന്നാൽ എനിക്കും ഡാൻസ് പഠിക്കണമെന്ന് അച്ഛനോടും അമ്മയോടും പറയാൻ എനിക്ക് എന്തെന്നില്ലാത്തൊരു മടി തോന്നി. അതുകൊണ്ടു ഞാൻ പറയാതെ നടന്നു. എന്നാൽ അന്ന് അമ്മ എന്നെ ഞെട്ടിച്ചു കളഞ്ഞു. അമ്മ എന്നെയും കൂട്ടി അന്ന് പോയത് ഡാൻസ് ക്ലാസിലേയ്ക്കായിരുന്നു. എന്നെ അവിടെ ചേർത്താൻ. അങ്ങോട്ടാണ് പോകുന്നതെന്നറിഞ്ഞപ്പോൾ എനിക്ക് അതിയായ സന്തോഷം തോന്നി. അതെങ്ങനെയാണ് പ്രകടമാക്കുക എന്നെനിക്ക് അറിയില്ലായിരുന്നു. അവിടത്തെ സാർ എനിക്കൊരു സ്റ്റെപ്പ് കാണിച്ചുതന്നു. ഒരു ചെറിയ സ്റ്റെപ്പ്. അത് ഞാൻ അതുപോലെ കാണിച്ചു. അപ്പോൾ സാർ പറഞ്ഞു നന്നായി കളിക്കുന്നുണ്ടെന്ന്. എന്തേ ചേരുവാൻ വൈകിയതെന്നും ചോദിച്ചു. എനിക്കന്ന് വല്ലാത്തൊരു സന്തോഷമായിരുന്നു. അങ്ങനെ ഓരോ ശനിയാഴ്ചയും ഞാൻ ഡാൻസ് പഠിക്കാനായി പോയി. പുതിയ യൂനിഫോമൊക്കെ ഇട്ട് ഞാൻ കുളൂസാക്കിയായിരുന്നു ഡാൻസ് ക്ലാസ്സിൽ പോകാറ്. വീട്ടിൽ തിരിച്ച് വന്ന് ചായ കുടിച്ച് യൂനിഫോം ഊരിവെക്കാതെ തന്നെ എന്റെ തറവാട്ടിലേക്കും പോകുമായിരുന്നു.

എന്റെ വീടിനടുത്തായിരുന്നു തറവാട്. പാപ്പൻ ജോലി കഴിഞ്ഞ് വരുന്ന സമയത്തായിരുന്നു ഞാൻ പോകാറ്. പാപ്പന്റെ മുന്നിലും അച്ഛമ്മയുടെ മുന്നിലുമൊക്കെ ഞാൻ അതുമിട്ട് അങ്ങോട്ടും ഇങ്ങോട്ടും

നടക്കും. പാപ്പൻ എന്നെ "ശിൽപ്പാ ഷെട്ടി" എന്നായിരുന്നു വിളിക്കാറ്. ഇപ്പോഴും അതെ. കാരണം ഞാൻ കൈയില്ലാത്തതും ഇറക്കം കുറഞ്ഞതുമായ ഡ്രസ്സുകളായിരുന്നു കുഞ്ഞിലിട്ടിരുന്നത്. അതുകൊണ്ട് ചുരിദാർ ഇട്ട് കണ്ടപ്പോൾ പാപ്പൻ എന്നെ വല്ലാതെ കളിയാക്കി. പക്ഷേ ഞാനതൊന്നും കാര്യമാക്കിയില്ല. എന്റെ സ്കൂൾ യൂനിഫോം ഇടുന്നതിനെകാൾ എനിക്കിഷ്ടം ഡാൻസ് യൂനിഫോം ആണ്. എപ്പോഴും ഞാൻ ശനിയാഴ്ചയാകാൻ കാത്തിരിക്കുമായിരുന്നു. ഞാൻ നന്നായി ഡാൻസ് കളിക്കുന്നുണ്ടെന്ന് സാർ പറയുമായിരുന്നു. ഒരു ശനിയാഴ്ച എനിക്ക് പനിയായതു കൊണ്ട് ക്ലാസ്സിൽ പോകാൻ കഴിഞ്ഞില്ല. എനിക്ക് തീരെ വയ്യായിരുന്നു. അടുത്ത ശനിയാഴ്ച് ഞാൻ ഡാൻസ് ക്ലാസിൽ പോയി. പക്ഷേ കുറെ പുതിയ സ്റ്റെപ്പുകൾ സാർ കഴിഞ്ഞാഴ്ച എടുത്തിരുന്നു. എനിക്കതൊന്നും അറിയില്ലായിരുന്നു. എന്നാലും ഞാൻ എല്ലാവരും കളിക്കുന്നതു കണ്ട് കൂടെ കളിച്ചു. എനിക്കറിയാത്തതു കൊണ്ട് കുറെ ഇടങ്ങളിൽ ഞാൻ തെറ്റിച്ചു. അതിന് എന്നെ സാർ നന്നായി വഴക്കു പറഞ്ഞു. കുഞ്ഞിൽ ഞാൻ വേഗം കരയുമായിരുന്നു. സാർ ചീത്ത പറഞ്ഞപ്പോൾ എനിക്ക് സങ്കടം ഒതുക്കാൻ കഴിഞ്ഞില്ല. ഞാനോടിപ്പോയി അമ്മയെ കെട്ടിപ്പിടിച്ചു കരഞ്ഞു. പക്ഷേ കുറച്ചു കഴിഞ്ഞ് സാർ എന്നെ സമാധാനിപ്പിച്ചു. പിന്നീട് പനിയായാലും ഞാൻ പോകുമായിരുന്നു.

ഡാൻസ് ക്ലാസ്സിൽ പോയിതുടങ്ങിയിട്ട് ഇപ്പോൾ ഒരു വർഷമായി. എന്റെ ബാച്ച് കഴിഞ്ഞ് ചേച്ചിമാരുടെ ബാച്ചുണ്ട്... അവരുടെ

അരങ്ങേറ്റം ആവാറായിരുന്നു. അവർക്ക് സാർ ചിലങ്ക കൊണ്ടു വന്നിരുന്നു. അവർ അതണിഞ്ഞു കളിച്ചു. അത് എനിക്കും തരുമെന്ന് വിചാരിച്ച് സന്തോഷിച്ചു. സാർ അതണിയാൻ ആയില്ലെന്നു പറഞ്ഞു. എന്നാൽ എൻെറ ചേച്ചി അവളും ഡാൻസ് ക്ലാസ്സിൽ ചേർന്നു.പിന്നീട് ഞങ്ങൾ ഒരുമിച്ചായിരുന്നു പോകാറ്. ഒരിക്കൽ എനിക്കും എന്റെ ചേച്ചിയ്ക്കും ഡാൻസ് ക്ലാസിൽ പോകാൻ മടിയായി. അതുകൊണ്ട് അന്ന് പോകേണ്ടെന്ന് തീരുമാനിച്ചു. ഞാനന്നു രാവിലെ മുതൽ ചേച്ചിയുടെ വീട്ടിലായിരുന്നു. 2 മണിക്കാണ് ഡാൻസ് ക്ലാസ്സ് തുടങ്ങുക. പക്ഷേ ഞങ്ങൾക്ക് 3 മണിക്കാണ്.... ഞങ്ങൾ 1 മണിയായപ്പോൾ തറവാട്ടിലേയ്ക്ക് പോയി. എങ്ങാനും സാറിന്റെ മുന്നിൽ പെട്ടാലോ എന്ന് പേടിച്ചാണ് പോയത്. പക്ഷേ ഭാഗ്യത്തിന് സാറ് ഞങ്ങളെ കണ്ടില്ല.

ആ ഭാഗ്യം അധികനേരം ഉണ്ടായില്ല. തറവാട്ടിൽ വെച്ച് അടുക്കളയിലേയ്ക്കുള്ള സാധനങ്ങൾ വാങ്ങാൻ ഇറങ്ങി. നേരെ ചെന്നു പെട്ടത് സാറിന്റെ മുന്നിലും. "മൂന്നു മണിയാകാറായിട്ടോ" എന്ന് പറഞ്ഞിട്ട് സാറ് പോയി. അതുകൊണ്ട് അന്ന് ഞങ്ങൾ ക്ലാസ്സിനു പോയി. പിന്നീടങ്ങോട്ട് മടിപിടിച്ച് ലീവെടുക്കണമെന്ന വിചാരം വന്നതേയില്ല. എന്തെങ്കിലും വന്ന് അത് പൊളിക്കുമെന്ന് ഞങ്ങൾക്കറിയാമായിരുന്നു. അങ്ങനെ തട്ടിയും മുട്ടിയും ഞങ്ങളുടെ ഡാൻസ് ജീവിതം മുന്നോട്ടു നീങ്ങി. പിന്നത്തെ വിജയദശമിക്ക് എനിക്ക് ചിലങ്ക കിട്ടി. എന്റെ മാത്രം ചിലങ്ക. അത് കിട്ടിയ സന്തോഷം മറ്റൊന്നിനുമില്ല എന്നു ഞാൻ മനസ്സിലാക്കി. ഞാനും എന്റെ ചേച്ചിയും വ്യത്യസ്ത ബാച്ചുകളിലായിരുന്നു. ഞങ്ങൾക്ക്

ഒരുമിച്ച് സ്റ്റേജിൽ കളിക്കണമെന്ന് ആഗ്രഹമുണ്ടായിരുന്നു. അത് നടക്കാത്തതിൽ അതിയായ സങ്കടവുമുണ്ടായിരുന്നു. ഒരുപാട്... പക്ഷേ ഞങ്ങളൊരു കാര്യം തീരുമാനിച്ചു. ഞങ്ങടെ വീടിനടുത്തുള്ള മുരിങ്ങത്തുക്കാവിലെ ഉത്സവത്തിന് ഞങ്ങൾ ഒരുമിച്ച് ഡാൻസ് കളിക്കു മെന്ന്. എന്റെ അരങ്ങേറ്റത്തിൽ എന്നേക്കാൾ ആവേശവും സന്തോഷവുമെല്ലാം എന്റെ ചേച്ചിയ്ക്കായിരുന്നു. അതുകൊണ്ട് പ്രാക്റ്റീസിനെല്ലാം ചേച്ചി എന്റെ കൂടെ വരുമായിരുന്നു.

അങ്ങനെ ആ ദിനം എത്തി. എന്റെ അരങ്ങേറ്റം. എന്റെ അരങ്ങേറ്റം എനിക്ക് മുഴുവനായി പറയുവാൻ കഴിയുന്നില്ല. കണ്ണു നിറയുന്നു. എന്നാൽ അന്ന് ലോകത്തിൽ വെച്ച് ഏറ്റവും കൂടുതൽ സന്തോഷിച്ച വ്യക്തി ഞാനും എന്റെ അച്ഛനും, അമ്മയും, പിന്നെ എന്റെ ചേച്ചിയും ആയിരുന്നു. എന്റെ ഏട്ടനും, മേമയുടെ മക്കളും മാമന്റെ മക്കളുമൊക്കെ ഉണ്ടായിരുന്നു. എന്നാൽ അവർക്ക് ക്ലാസിക്കൽ ഡാൻസിനെ പറ്റി ഒന്നും അറിയില്ലായിരുന്നു.

അന്ന് 10 മണിക്കായിരുന്നു ഞങ്ങളുടേത്. 3 മണിക്ക് ഞങ്ങൾ ഗുരുവായൂരിലെത്തി. കണ്ണനെ കണ്ടു തൊഴാൻ എനിക്ക് സമയം ഉണ്ടായിരുന്നില്ല. വേഗം മേക്കപ്പ് റൂമിലേക്ക് പോയി. ഭരതനാട്യത്തിന്റെ വേഷത്തിൽ എന്നെ കണ്ണൻ കണ്ടാൽ മതിയെന്ന് ഞാൻ വിചാരിച്ചു. എന്റെ മേക്കപ്പ് കഴിഞ്ഞ് ഞാനിരിക്കുകയായിരുന്നു. അച്ഛൻ വന്നപ്പോൾ എന്നെ തിരക്കി. "എന്റെ മോളെവിടെയെന്ന്" അമ്മയോട് ചോദിച്ചു. എന്നാൽ ഞാൻ അച്ഛന്റെ മുന്നിൽ തന്നെ ഉണ്ടായിരുന്നു എന്നെ കണ്ടിട്ട് അച്ഛന് മനസിലായതേയില്ല. അങ്ങനെ 10 മണിയാകാറായപ്പോൾ

ഞങ്ങൾ മേൽപ്പത്തൂർ ഓഡിറ്റോറിയത്തിലേയ്ക്ക് നടന്നു. കണ്ണനെ കണ്ട് തൊഴാൻ വേണ്ടി ഞങ്ങൾ പോയപ്പോൾ നട അടച്ചിരുന്നു. തൊഴാൻ കഴിഞ്ഞില്ല. ഞാൻ നേരത്തെ വന്ന് തൊഴാത്തതിലുള്ള പിണക്കമായിരിക്കും കണ്ണന് എന്ന് ഞാൻ വിചാരിച്ചു. പക്ഷെ എല്ലാം മറന്ന് ഞാൻ സ്റ്റേജിൽ കയറി കളിച്ചു. നന്നായി തന്നെ. പക്ഷേ ചില ഇടങ്ങളിൽ തെറ്റി പോയി. അതിൽ എനിക്ക് നല്ല സങ്കടമുണ്ടായി.എന്നാലും ഞാൻ അതും മറന്ന് നൃത്തശിൽപം തെറ്റിക്കാതെ വൃത്തിയായി കളിച്ചു. അതിൽ അവസാന ഭാഗം തന്റെ വിശ്വരൂപം എന്താണെന്ന് എല്ലാവരുടെയും മുന്നിൽ കാണിക്കുന്ന കണ്ണനായിരുന്നു. കണ്ണൻ ഓടക്കുഴലും പിടിച്ച് തന്റെ മയിൽ പീലിയെ കാറ്റിൽ ആട്ടക്കൊണ്ട് കള്ള ചിരിയുമായി തിരിയുന്ന ആ സമയം തന്നെ നട തുറന്നു മണിയടിച്ചു. ആ ഒരു നിമിഷം ഞങ്ങളെയും മറ്റെല്ലാവരെയും രോമാഞ്ചം കൊള്ളിച്ചു. എല്ലാവരും സന്തോഷത്തോടെ മടങ്ങി. എനിക്ക് ആ വസ്ത്രങ്ങളും, ആഭരണങ്ങളും, മേക്കപ്പും അഴിക്കാനേ തോന്നിയില്ല. എന്നാലും അഴിച്ചല്ലേ മതിയാകൂ. കുച്ചുപ്പുടിയിലേയ്ക്ക് കാലെടുത്തു വെച്ചായിരുന്നു എല്ലാവരെയും ഗുരുവായൂരിലേയ്ക്ക് വിട്ടത്. ഞാനും അങ്ങനെ തന്നെയായിരുന്നു വിചാരിച്ചത്. എന്നാൽ എനിക്ക് മാത്രം ദൈവം വിധിച്ചത് വേറൊരു വിധിയായിരുന്നു. ആരും കാരണമല്ല ഞാൻ കാരണം തന്നെ. ആ മഹാസമുദ്രത്തെ തൊട്ടറിയും മുൻപേ കരകയറേണ്ടി വന്നു. ഒരിക്കലും ആഗ്രഹിച്ചതല്ല. നാമോരോരുത്തരുടെയും ഉള്ളിൽ നന്മയും തിന്മയും ഉണ്ട്. അതിൽ നന്മയാണ് എനിക്ക് ആ മഹാസമുദ്രത്തെ എനിക്ക് കാണിച്ചു തന്നത്. തിന്മയാണ് എന്നെ അതിൽ നിന്നും അകറ്റിയത്. കണ്ണനു മുൻപിൽ മേൽപ്പത്തൂർ ഓഡിറ്റോറിയത്തിൽ ഞാനെന്റെ ആദ്യത്തേതും അവസാനത്തേതുമായ കാൽച്ചുവടുകൾ വെച്ചു. എന്റെ ചിലങ്ക എന്നെ പലപ്പോഴും കണ്ണു നിറയിപ്പിക്കാറുണ്ട്. അന്നും ഇന്നും... ഇനി ഞാൻ കണ്ണനു മുമ്പിൽ നിർത്തിവച്ച ചുവടുകൾ മുരിങ്ങണമ്മയുടെ മുമ്പിൽ ഞാനും എന്റെ ചേച്ചിയും ഒരുമിച്ച് തുടക്കമിടും.



# ഈ വാക്കുകൾ ശ്രദ്ധിക്കൂ....

നേഹ ഫാത്തിമ എൻ.പി

9th G

അപ്രിയ ചിന്തകൾ ഉള്ളിൽ ശേഷിക്കുവോളം ക്രോധം മനസ്സിനെ വിട്ടൊഴിയില്ല. **-ശ്രീ ബുദ്ധൻ**

അഹിംസയ്ക്ക് ഒരു ഇരട്ടവിശ്വാസം ആവശ്യമാണ്; ഈശ്വരനിലും മനുഷ്യനിലുമുള്ള വിശ്വാസം. **-മഹാത്മാഗാന്ധി**

സഹജീവികളോടൊത്ത് ശാന്തിയോടെ പുലരുന്നവരിലാണ് ശരിയായ ആനന്ദം വന്നണയുന്നത്. **-ശ്രീ ബുദ്ധൻ**

മനുഷ്യൻ മരിക്കുന്നത് കൊണ്ട് ജീവിതം അതിന്റെ തമാശ അവസാനിപ്പിക്കുന്നില്ല. മനുഷ്യൻ ചിരിക്കുന്നത് കൊണ്ട് അത് അതിന്റെ ഗൗരവം അവസാനിപ്പിക്കാറുമില്ല. **-ജോർജ് ബർണാഡ് ഷാ**

സാത്വികവും വിശുദ്ധവും ആർദ്രവുമായ ഹൃദയമുള്ളവർ അനുഗ്രഹങ്ങളുടെ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നു. **-മുഹമ്മദ് നബി**

# SPORTS PUZZLE


| | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| S | P | S | H | A | N | U | E | E | H | B | E | T | S | N | I | T | E | B |
| O | R | T | T | K | Y | O | R | T | F | O | O | D | B | A | T | O | W | A |
| L | T | I | T | E | M | C | I | R | C | U | C | F | O | D | A | L | H | O |
| L | H | E | P | O | U | R | T | E | V | T | T | H | I | K | R | O | U | M |
| A | T | N | K | R | U | C | T | B | T | U | J | P | A | N | C | H | A | I |
| B | H | I | A | C | C | N | O | A | N | U | M | O | O | K | U | E | V | N |
| T | T | K | H | E | I | T | U | H | E | M | C | S | E | H | A | S | A | T |
| E | T | U | V | Y | H | R | T | H | M | A | W | Y | T | H | T | A | N | I |
| K | G | R | A | P | U | E | C | T | T | L | A | B | I | G | S | T | D | O |
| S | H | O | P | Y | M | K | I | C | L | L | A | B | Y | E | L | L | O | N |
| A | B | Y | L | H | U | E | R | A | B | E | O | R | Y | T | H | A | U | U |
| B | E | A | R | F | N | O | B | T | S | T | H | A | T | U | B | U | P | E |
| I | N | G | T | H | T | T | H | A | L | L | A | B | Y | E | L | L | O | V |
| I | S | W | O | N | O | F | U | H | D | T | N | E | L | Y | T | U | H | V |
| D | E | R | T | O | N | V | E | A | E | U | E | E | U | O | T | A | T | A |
| F | U | L | F | H | T | O | N | M | T | L | M | N | T | E | N | N | I | S |

# DO YOU FIND THESE WORDS?

1.CRICKET
2.FOOT BALL
3.BASKET BALL
4.HOCKEY
5.GOLF
6.TENNIS
7.VOLLEY BALL
8.BADMINTON

Prepared by





**ARYA NANDA** **DALEELA**

# സ്കൂൾ പച്ചക്കറിത്തോട്ടത്തിലേയ്ക്ക്.....








# നന്ദി